VOL NO: 06 I ISSUE 41
www.nerpatham.com
mail@nerpatham.com
2022 OCTOBER 08 I ₹10

# നേർപഥം
വാരിക

## പുതുവഴികൾ തേടുന്ന നബിദിനാഘോഷം!


പ്രമാണങ്ങൾക്ക് സ്വയം ഭാഷ്യം ചമയ്ക്കുക, വികലമായ പരിഭാഷകൾ കണ്ടെത്തി മറുപടി പറയുക, അനവസരത്തിൽ മുറിച്ച് അർഥവ്യത്യാസം വരുത്തുക... തുടങ്ങി യുക്തിവാദികൾ മതത്തിനെതിരെ നടത്തിക്കൊണ്ടിരിക്കുന്ന 'വൈജ്ഞാനിക വഞ്ചനകൾക്ക്' കയ്യുംകണക്കുമില്ല. സ്രഷ്ടാവിന്റെ ജ്ഞാനത്തെ കുറിച്ച് പ്രമാണങ്ങളിൽ വന്ന ചില പരാമർശങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിലെ നാസ്തിക നേതാവ് നടത്തിയ വിശദീകരണം കേട്ടാൽ വിശ്വാസികൾ മാത്രമല്ല സ്വന്തം അനുയായികൾവരെ മൂക്കത്ത് വിരൽവെച്ച് പോകും!

# സ്രഷ്ടാവിന്റെ ജ്ഞാനവും യുക്തിവാദികളുടെ സംശയവും



|| പണം സമ്പാദിക്കുന്ന വിദ്യാർഥികൾ
|| മനസ്സുകളിൽ ഇടം നേടാനുള്ള വഴി
|| റബീഉൽ അവ്വലും അനാചാരങ്ങളും

# പുറത്തിറങ്ങി...





WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244


## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0298
# നേർപഥം
വാരിക

2022 ഒക്ടോബർ 8
1444 റബീഉൽ അവ്വൽ 11
പുസ്തകം 06 / ലക്കം 41




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി 10
**സ്രഷ്ടാവിന്റെ ജ്ഞാനവും യുക്തിവാദികളുടെ സംശയവും**
ജൗസൽ സി.പി

05
മുഖമൊഴി
പുതുവഴികൾ തേടുന്ന നബിദിനാഘോഷം!

06
ലേഖനം
മനസ്സുകളിൽ ഇടം നേടാനുള്ള വഴി
ദുൽക്കർഷാൻ അലനല്ലൂർ

08
ലേഖനം
വ്യഭിചാരത്തിലേക്ക് നയിക്കുന്ന ചില കാര്യങ്ങൾ
അബൂ ആമിർ

17
കാഴ്ച
പണം സമ്പാദിക്കുന്ന വിദ്യാർഥികൾ
സലാം സുറുമ എടത്തനാട്ടുകര

18
ലേഖനം
റബീഉൽ അവ്വലും അനാചാരങ്ങളുടെ കുത്തൊഴുക്കും
മൂസ സ്വലാഹി കാര

24
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

26
ആരോഗ്യപഥം
സാമൂഹിക വിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം
ഡോ. മുനവ്വർ

29
ലേഖനം
റബീഉൽ അവ്വലിന് പറയാനുള്ളത്!
അജ്മൽ കോട്ടയം

30
ക്വുർആൻ ദർശനം
അദ്ദുഖാൻ (പുക)
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

34
കവിത
എന്റെ റസൂൽ
ഹുസ്ന മലോറം

# 'മാസപ്പിറവി, കാഴ്ചയും കാഴ്ചപ്പാടും' പഠന സെമിനാർ ശ്രദ്ധേയമായി

കോഴിക്കോട്: മാസപ്പിറവി ദർശനവുമായി ബന്ധപ്പെട്ട അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിക്കാൻ മുസ്‌ലിം സമൂഹം പ്രമാണങ്ങളിലേക്കു മടങ്ങണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാനസമിതി കോഴിക്കോട് ടാഗോർ ഹാളിൽ സംഘടിപ്പിച്ച പഠനസെമിനാർ അഭിപ്രായപ്പെട്ടു.

ശാസ്ത്രീയമായ കണ്ടെത്തലുകളെ മാത്രം മാനദണ്ഡമാക്കുകയും ഇസ്‌ലാമിക പ്രമാണങ്ങളെ അവഗണിക്കുകയും ചെയ്യുന്നതാണ് മാസപ്പിറവി വിഷയത്തിലെ വിവാദങ്ങൾക്കും അനൈക്യത്തിനും കാരണമാകുന്നതെന്നും പരസ്പര സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും സന്ദേശങ്ങൾ കൈമാറേണ്ട ഊഷ്മളമായ ആഘോഷദിനങ്ങളിൽ മാസപ്പിറവി വിവാദങ്ങൾകൊണ്ട് അകൽച്ച സൃഷ്ടിക്കുന്നതും ആഘോഷത്തിന്റെ സന്തോഷം കെടുത്തുന്നതും ഭൂഷണമല്ലെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

'മാസപ്പിറവി കാണുക' എന്ന നിയമം ഇസ്‌ലാമിക മാസം ആരംഭിക്കുന്നതിന് റസൂൽ(സ്വ) എല്ലാ കാലത്തെയും മുസ്‌ലിംകൾക്കുമേൽ നിശ്ചയിച്ചിട്ടുള്ള നിയമമാണ്. ശാസ്ത്രപുരോഗതി ആർജിച്ച സമൂഹത്തിലും ശാസ്ത്രീയനേട്ടങ്ങൾ കൈവരിക്കാത്ത സമൂഹത്തിലും ഈ നിയമം ഒരുപോലെ ബാധകമാണ്. സാർവകാലികം എന്ന നിലയിൽ റസൂൽ (സ്വ) നിർദേശിച്ച ഈ നിയമം കാലഘട്ടത്തിനനുസരിച്ച് മാറ്റാൻ ഒരാൾക്കും അവകാശമില്ല.

മാസപ്പിറവിയുടെ കാര്യത്തിൽ ശാസ്ത്രത്തിനു ഖണ്ഡിതമായി പറയാൻ കഴിയുന്ന കാര്യങ്ങളെന്തെല്ലാമുണ്ടോ അവയെല്ലാം നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. അത്തരം നിയമങ്ങൾ ഉപയോഗപ്പെടുത്തി മാസപ്പിറവിയുടെ കാര്യത്തിൽ കൃത്യത ഉറപ്പുവരുത്തൽ അനിവാര്യമാണ്. മാസപ്പിറവി എപ്പോൾ കാണും എന്ന് ശാസ്ത്രത്തിനു പറയാനാവില്ലെങ്കിലും, ഹിലാൽ കാണാനാവാത്ത ഘട്ടങ്ങൾ കൃത്യമായി പ്രവചിക്കാൻ ശാസ്ത്രത്തിനു കഴിയും. സൂര്യാസ്തമയ സമയത്ത് ചന്ദ്രൻ ചക്രവാളത്തിലുണ്ടോ ഇല്ലേ എന്ന് പരിശോധിക്കുകയാണ് ഇതിനുള്ള ശാസ്ത്രീയമാർഗം. സൂര്യാസ്തമയ ശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഇല്ല എങ്കിൽ ഹിലാൽ കാണുകയില്ല എന്ന ഖണ്ഡിതമായ ശാസ്ത്ര സത്യം മനസ്സിലാക്കി അവാസ്തവമായ പിറവി വാർത്തകളെ തള്ളിക്കളയാനും സത്യസന്ധത ഉറപ്പുവരുത്താനും കഴിയും. ശാസ്ത്രം ഖണ്ഡിതമായി പ്രഖ്യാപിക്കുന്ന കാര്യം അംഗീകരിക്കുകയും അതനുസരിച്ച് മാസപ്പിറവി നിർണയത്തിന്റെ കാര്യത്തിൽ കൃത്യത കൈവരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ എന്തുണ്ട് തെറ്റ്? നമസ്കാര സമയത്തിലെന്ന പോലെ മാസപ്പിറവിയുടെ കാര്യത്തിലും ലഭ്യമായ കണക്കുകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ശാസ്ത്രം നിസ്സംശയം പ്രഖ്യാപിക്കുന്ന കാര്യങ്ങൾ പൂർണമായും അംഗീകരിക്കുകയും അതോടൊപ്പം ശാസ്ത്രത്തിന്റെ പരിമിതികൾ ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണ് മാസപ്പിറവിയുടെ കാര്യത്തിൽ നമുക്കു ചെയ്യാനുള്ളത്.

'മാസപ്പിറവി, കാഴ്ചയും കാഴ്ചപ്പാടും' എന്ന വിഷയത്തിലെ സെമിനാറിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷനായി.

അബൂബക്കർ സലഫി, പ്രൊഫ.ഹാരിസ് ബിൻ സലീം, പി.ഒ ഉമർ ഫാറൂഖ് തിരൂരങ്ങാടി, അബ്ദുൽ മാലിക് സലഫി മൊറയൂർ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതിരിപ്പിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, കെ. സജ്ജാദ്, വിസ്ഡം യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ശമീൽ മഞ്ചേരി തുടങ്ങിയവർ പ്രസംഗിച്ചു.

# പുതുവഴികൾ തേടുന്ന നബിദിനാഘോഷം!

'നബിദിനാഘോഷം' എന്ന പുത്തനാചാരം ഇന്ന് ഒരു ഫാഷനും ഹരവുമായി മാറിയിട്ടുണ്ട്. 'നബിദിന ഗിഫ്റ്റുകൾ ഇവിടെ ലഭിക്കും' എന്ന ബാനർ ഒരു ടൗണിലെ കടയുടെ മുമ്പിൽ കാണാനിടയായി. പുത്തൻ കോലങ്ങളിൽ വ്യത്യസ്തയിനം പരിപാടികളുമായി നബിദിനാഘോഷത്തിൽ സമുദായത്തിലെ 'ഭൂരിപക്ഷം' മൽസരിക്കുകയാണ്. 'നബിദിനം ഇസ്‌ലാമികം, വഹാബിസം അനിസ്‌ലാമികം' എന്നെഴുതിയ പോസ്റ്ററും ചില സ്ഥലങ്ങളിൽ കാണാൻ കഴിയുന്നു. ജനങ്ങൾ നന്നാവാൻ തീരുമാനിച്ചാലും പുരോഹിതന്മാർ അതിനനുവദിക്കുന്നില്ല എന്നതാണ് വാസ്തവം.

നബിദിനാഘോഷത്തെ അനുകൂലിക്കുന്ന ഒരു പണ്ഡിതന്റെ പ്രസംഗം എഫ്ബിയിൽനിന്ന് കേട്ടു. നബിദിനം ആഘോഷിക്കണം; എന്നാൽ അതിലെ ധൂർത്ത് ഒഴിവാക്കണം എന്നാണ് അദ്ദേഹം പറയുന്നത്. ചില കണക്കുകൾ അദ്ദേഹം നിരത്തുന്നുണ്ട്. തങ്ങളുടെ സംഘടനക്ക് കീഴിൽ പതിനായിരം മദ്‌റസകളുണ്ട്. ഓരോ മദ്‌റസയും നബിദിനാഘോഷത്തിന് ഒരു ലക്ഷമോ രണ്ടു ലക്ഷമോ ചെലവഴിക്കുന്നുണ്ട്. ശരാശരി ഒരു ലക്ഷം കൂട്ടിയാൽതന്നെ 100 കോടി രൂപ നബിദിനാഘോഷത്തിന്റെ പേരിൽ ഒരു വർഷം ചെലവഴിക്കുന്നു. അത്രയും തുക കൊണ്ട് വലിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്രയോ സ്ഥാപിക്കാം. അതുകൊണ്ട് ഈ ധൂർത്ത് അവസാനിപ്പിക്കണം എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം.

ധൂർത്തിനെതിരിൽ ശബ്ദിക്കുന്നത് നല്ലകാര്യംതന്നെ. എന്നാൽ മതത്തിൽ കടത്തിക്കൂട്ടുന്ന പുത്തനാചാരങ്ങളെയും എതിർക്കേണ്ടതില്ലേ? തങ്ങളുടെ തെറ്റായ നിലപാടുകളെ എതിർക്കുന്നവരെയെല്ലാം 'പുത്തൻവാദികൾ' (മുബ്തദിഉകൾ) എന്ന് അടിസ്ഥാനരഹിതമായി ആക്ഷേപിക്കുന്നവർ തങ്ങൾ ചെയ്യുന്ന ബിദ്അത്തുകളെ (പുത്തനാചാരങ്ങളെ) വെള്ള പൂശുകയാണ് ചെയ്യുന്നത്.

പ്രവാചകനോ സ്വഹാബിമാരോ കൊണ്ടാടാത്ത, ഉത്തമ നൂറ്റാണ്ടുകളിൽ ജീവിച്ചവർക്കൊന്നും പരിചയമില്ലാത്ത, ഹിജ്‌റ 300നുശേഷം ഇർബൽ ഭരിച്ചിരുന്ന മുളഫ്ഫർ രാജാവ് തുടങ്ങിവെച്ചതെന്ന് കേരളത്തിലെ നബിദിനാഘോഷക്കാർ തന്നെ സമ്മതിക്കുന്ന ഒരാചാരം എങ്ങനെയാണ് മതത്തിന്റെ കാര്യമായി മാറുന്നത് എന്ന ലളിതമായ ചോദ്യം സാധാരണക്കാരന്റെ മനസ്സിലുദിച്ചാൽ അവനെ പുരോഹിതന്മാർ പുത്തൻവാദിയായി മുദ്രകുത്തും! എന്നിട്ട് അവർ ജനങ്ങളെക്കൊണ്ട് ചെയ്യിക്കുന്നതൊക്കെയും മാതൃകയില്ലാത്ത പുത്തനാചാരങ്ങളും! അവരിൽ ഊട്ടിയുറപ്പിക്കുന്നതൊക്കെയും വികലവിശ്വാസങ്ങളും! അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങളത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ചുകളയും..." (അൽഅൻആം:153).

വിശുദ്ധ ക്വുർആനിൽനിന്നും പ്രവാചകചര്യയിൽനിന്നും ആർ തിരിഞ്ഞുകളഞ്ഞുവോ അവരെ പിഴച്ച മാർഗങ്ങളും അനാചാരങ്ങളുമായിരിക്കും പിടികൂടുക. മതനിയമങ്ങളിലുള്ള അജ്ഞത, ദേഹേച്ഛയെ പിൻപറ്റൽ, അഭിപ്രായങ്ങളോടും വ്യക്തികളോടും പക്ഷംചേരൽ, സത്യനിഷേധികളോട് സാദൃശ്യപ്പെടൽ, അവരെ അനുകരിക്കൽ തുടങ്ങിയവ ശിർക്ക്-ബിദ്അത്തുകൾ ചെയ്യാൻ കാരണമാകുമെന്നതിൽ തർക്കമില്ല. അല്ലാഹു പറയുന്നു: "അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്" (ക്വുർആൻ 2:170).

ഇതുതന്നെയാണ് നമ്മുടെ നാട്ടിലെ 'നബിദിനാഘോഷ'ക്കാരും ക്വബ്‌റാരാധകരുമായവരുടെ അവസ്ഥ. ക്വുർആനിലേക്കും സുന്നത്തിലേക്കും വിളിക്കപ്പെട്ടാൽ അവ രണ്ടിനും എതിരായ അവരുടെ നിലപാടുകൾ ഉപേക്ഷിക്കാൻ അവർ തയ്യാറാകില്ല.

ലേഖനം



# മനസ്സുകളിൽ ഇടം നേടാനുള്ള വഴി

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299

വ്യത്യസ്തമായ മേഖലകളിൽ പ്രവർത്തിക്കുന്നവരാണ് മനുഷ്യർ. അവർക്കിടയിൽ പാടത്തും പറമ്പിലും പണിയെടുക്കുന്നവരുണ്ട്. ചെറുകിട കച്ചവടക്കാരും വൻകിട ബിസിനസ്സുകാരുമുണ്ട്. ഗവൺമെന്റ്സ്ഥാപനങ്ങളിലെ ജോലിക്കാരും സ്വകാര്യസ്ഥാപനങ്ങളിലെ ജോലിക്കാരുമുണ്ട്. അവരിൽതന്നെ ഉന്നത സ്ഥാനമുള്ളവരും താഴ്ന്ന സ്ഥാനമുള്ളവരുമുണ്ട്. കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരുണ്ട്. രാഷ്ട്രീയ പ്രവർത്തകരും ജനപ്രതിനിധികളുമുണ്ട്. വിദ്യാർഥികളുണ്ട്...

എല്ലാവരും ജീവിതവഴിയിൽ തിരക്കുപിടിച്ച ഓട്ടത്തിലാണ്. ഈ ഓട്ടത്തിനിടയിൽ തന്റെ കുടുംബത്തിലുള്ളവരെയും തനിക്ക് ചുറ്റുമുള്ളവരെയും തന്റെ കൂടെ ജോലി ചെയ്യുന്നവരെയുമൊക്കെ എത്രകണ്ട് അടുത്തറിയാനും മനസ്സിലാക്കാനും പരിഗണിക്കാനും ആവശ്യമെങ്കിൽ കഴിയുന്ന സഹായം ചെയ്തുകൊടുക്കാനും വാക്കുകൊണ്ടെങ്കിലും ആശ്വാസം പകരാനും നാം ശ്രമിക്കുന്നുണ്ട്?

താനും തന്റെ ജോലിയും കുടുംബവും എന്നതിനപ്പുറത്തേക്ക് ചിന്തിക്കാത്ത ചിലരുണ്ട്. ചുറ്റും നടക്കുന്ന സംഭവ വികാസങ്ങളെ കാണാൻ സമയം കൊടുക്കാത്തവർ! പ്രയാസപ്പെടുന്നവരിലേക്ക് ആർദ്രമായ ഒരു നോട്ടം നോക്കാൻ പോലും മടി കാണിക്കുന്നവർ. ആർക്ക്, എവിടെ, എന്ത് സംഭവിച്ചാലും കുഴപ്പമില്ല; തന്റെ കാര്യങ്ങൾക്കൊന്നും യാതൊരു ഭംഗവും സംഭവിക്കരുത് എന്ന നിലപാടിൽ ജീവിക്കുന്നവർ. എന്നാൽ, തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന തോന്നൽ പോലും അവരെ വല്ലാതെ അസ്വസ്ഥരാക്കും. ഇതിനെയാണ് സ്വാർഥത എന്നു പറയുന്നത്.

ഒരു മുസ്‌ലിം ഇത്തരം സ്വഭാവം വച്ചുപുലർത്തുന്നവനായിക്കൂടാ. അവൻ ആകർഷകമായ വ്യക്തിത്വത്തിന്റെ ഉടമയായിരിക്കണം. മനസ്സുകളെ ആകർഷിക്കുവാൻ കഴിയുക എന്നത് ചെറിയ കാര്യമല്ല. അതിന് അതിന്റേതായ തന്ത്രങ്ങളും വഴികളുമുണ്ട്.

നിങ്ങൾ ഒരു സ്ഥലത്തേക്ക് ചെല്ലുമ്പോൾ അവിടെ മൂന്നു പേരെ കാണുന്നു എന്ന് സങ്കൽപിക്കുക. ഓരോരുത്തരുടെയും അടുത്തുചെന്ന് നിങ്ങൾ കൈകൊടുക്കുന്നു. ഒരാളുടെ നേരെ കൈനീട്ടിയപ്പോൾ നിങ്ങളുടെ കൈപ്പത്തിയുടെ അഗ്രം പിടിച്ച് തണുപ്പൻ മട്ടിൽ പ്രത്യഭിവാദ്യം ചെയ്ത് സംസാരം തുടരാൻ താൽപര്യമില്ലാത്ത മട്ടിൽ മാറിനിന്നു. രണ്ടാമത്തെയാൾ ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. യാതൊരു ഭാവമാറ്റവുമില്ലാതെ അയാൾ നിങ്ങൾക്കുനേരെ കൈനീട്ടി; ഫോണിലെ സംസാരം തുടർന്നു. എന്നാൽ മൂന്നാമൻ മുന്നോട്ടുവരികയും ഹസ്തദാനം ചെയ്യുകയും നിങ്ങളെ ഊഷ്മളമായി സ്വീകരിക്കുകയും ചെയ്തു. തമ്മിൽ മുൻപരിചയമില്ലാതിരുന്നിട്ടും നിങ്ങളുടെ വരവിൽ അയാൾ അതിയായി സന്തോഷം പ്രകടിപ്പിച്ചു.

നിങ്ങളുടെ മനസ്സിന് മൂന്നാമത്തെയാളോട് ഒരാകർഷണം അനുഭവപ്പെടില്ലേ? അതെ, നിങ്ങൾ അറിയാതെ അയാളിലേക്ക് ആകർഷിക്കപ്പെടും. അയാളെ അപ്പോഴാണ് നിങ്ങൾ ആദ്യമായി കാണുന്നത്. അയാളെക്കുറിച്ച് വിശദമായൊന്നും അറിയില്ല. എന്നിട്ടും അയാൾ നിങ്ങളുടെ മനസ്സിൽ അൽപസമയത്തിനകം ഇടംനേടി. പെരുമാറ്റ മഹിമകൊണ്ടാണ് അയാൾ നിങ്ങളുടെ മനസ്സ് കവർന്നെടുത്തത്; ശക്തി കൊണ്ടോ പണം കൊണ്ടോ പദവി കൊണ്ടോ ഒന്നുമല്ല, വളരെ ലളിതവും നിസ്സാരവുമായ രീതിയിൽ മനസ്സുകളെ ആകർഷിക്കാം എന്നർഥം. പക്ഷേ, അതിന് ശ്രമിക്കുന്നവർ വളരെ കുറവാണ്.

**നിങ്ങളുടെ വ്യക്തിത്വത്തിലേക്കാകർഷിക്കുന്ന തരത്തിലാണ് ആളുകളുമായി ഇടപെടേണ്ടത്. നിങ്ങളുടെ സംസാരം, പുഞ്ചിരി, സഹവാസം, പെരുമാറ്റം എല്ലാം അവർ ഇഷ്ടപ്പെടണം. അവരുടെ വീഴ്ചകൾ അവഗണിച്ച് പ്രതിസന്ധികളിൽ കൂടെ നിൽക്കാൻ നിങ്ങൾക്ക് കഴിയണം. നിഷ്കളങ്കമായ പെരുമാറ്റങ്ങളിലൂടെയും സഹകരണങ്ങളിലൂടെയുമാണ് സ്നേഹോഷ്മളമായ ബന്ധങ്ങൾ നിലനിൽക്കുന്നത്. അത്തരം ബന്ധങ്ങൾക്ക് ബലം കൂടും. ജോലിയിൽ നിന്ന് പിരിഞ്ഞുപോവുകയോ, വിരമിക്കുകയോ ചെയ്താലും ശരി, ബന്ധങ്ങൾ അങ്ങനെ തന്നെ നിലനിൽക്കും. ഓർക്കാനും വിളിക്കാനും സംസാരിക്കാനും അന്വേഷിക്കാനും ആളുകളുണ്ടാവും. സത്യത്തിൽ ഇതൊക്കെ തന്നെയല്ലേ ഈ നശ്വര ജീവിതത്തിൽ ലഭിക്കുന്ന സന്തോഷവും സമാധാനവും. ഇതൊന്നുമില്ലാത്ത അവസ്ഥ എത്ര അസ്വസ്ഥമായിരിക്കും!**

“എന്റെ ഒരു വിദ്യാർഥിക്ക് വിഷാദരോഗം ബാധിച്ചു. അവന്റെ പിതാവ് ഉയർന്ന റാങ്കുള്ള സൈനികോദ്യോഗസ്ഥനാണ്. അയാൾ പലവട്ടം കോളേജിൽ വന്ന് എന്നെ കണ്ടു. ഞങ്ങൾ അയാളുടെ മകന്റെ ചികിത്സാകാര്യത്തിൽ സഹകരിച്ചു. ചിലപ്പോഴൊക്കെ ഞാൻ അവരുടെ വീട്ടിൽ പോകും. അതൊരു ഗംഭീര കൊട്ടാരമാണ്. അയാളുടെ മജ്‌ലിസിൽ അതിഥികൾ നിറഞ്ഞു കവിഞ്ഞിരിക്കും. ആളുകൾക്ക് അയാളോട് എന്തൊരു സ്നേഹമാണെന്ന് ഞാൻ ആശ്ചര്യപ്പെട്ടു.

വർഷങ്ങൾ കഴിഞ്ഞു. അയാൾ ജോലിയിൽനിന്നു പിരിഞ്ഞു. പിന്നൊരിക്കൽ ഞാൻ അയാളെ തേടി ചെന്നപ്പോൾ, പഴയ സന്ദർശകമുറിയിൽ അൻപതിലധികം കസേരകളുണ്ടായിട്ട്, ടെലിവിഷൻ കണ്ടുകൊണ്ടിരിക്കുന്ന ഒരാൾ മാത്രമാണുണ്ടായിരുന്നത്. അയാളാകട്ടെ, ചായയും കാപ്പിയും ഉണ്ടാക്കിക്കൊടുക്കുന്ന പണിക്കാരനും! ഞാനവിടെ അൽപനേരമിരുന്നു പുറത്തുവന്നു. അപ്പോൾ, ഉദ്യോഗത്തിലിരുന്ന കാലത്തെ അയാളുടെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും ഞാനോർത്തു. അന്ന് ആളുകളെ അയാളിലേക്കാകർഷിച്ചതെന്തായിരുന്നു?

അയാൾക്ക് തന്റെ സ്വഭാവ മഹിമ കൊണ്ടോ പെരുമാറ്റം കൊണ്ടോ ആളുകളെ ആകർഷിക്കാൻ കഴിഞ്ഞില്ല. അധികാരപദവികളിലൂടെ മാത്രമെ ആകർഷിക്കാനായുള്ളൂ. പദവികൾ നഷ്ടപ്പെട്ടപ്പോൾ ബന്ധങ്ങൾ ഇല്ലാതായി. ഇദ്ദേഹത്തിൽ നിന്ന് വലിയ പാഠങ്ങൾ പഠിക്കാനുണ്ട്.

നിങ്ങളുടെ വ്യക്തിത്വത്തിലേക്കാകർഷിക്കുന്ന തരത്തിലാണ് ആളുകളുമായി ഇടപെടേണ്ടത്. നിങ്ങളുടെ സംസാരം, പുഞ്ചിരി, സഹവാസം, പെരുമാറ്റം എല്ലാം അവർ ഇഷ്ടപ്പെടണം. അവരുടെ വീഴ്ചകൾ അവഗണിച്ച് പ്രതിസന്ധികളിൽ കൂടെ നിൽക്കാൻ നിങ്ങൾക്ക് കഴിയണം” (ഇസ്തിംതിഅ് ബിഹയാതിക, ഡോ. മുഹമ്മദ് അൽഅരീഫി).

നിഷ്കളങ്കമായ പെരുമാറ്റങ്ങളിലൂടെയും സഹകരണങ്ങളിലൂടെയുമാണ് സ്നേഹോഷ്മളമായ ബന്ധങ്ങൾ നിലനിൽക്കുന്നത്. അത്തരം ബന്ധങ്ങൾക്ക് ബലം കൂടും. ജോലിയിൽ നിന്ന് പിരിഞ്ഞുപോവുകയോ, വിരമിക്കുകയോ ചെയ്താലും ശരി, ബന്ധങ്ങൾ അങ്ങനെ തന്നെ നിലനിൽക്കും. ഓർക്കാനും വിളിക്കാനും സംസാരിക്കാനും അന്വേഷിക്കാനും ആളുകളുണ്ടാവും. സത്യത്തിൽ ഇതൊക്കെ തന്നെയല്ലേ ഈ നശ്വര ജീവിതത്തിൽ ലഭിക്കുന്ന സന്തോഷവും സമാധാനവും. ഇതൊന്നുമില്ലാത്ത അവസ്ഥ എത്ര അസ്വസ്ഥമായിരിക്കും!

ഏറ്റവും നല്ല സ്വഭാവംകൊണ്ട് എല്ലാവരോടും അടുക്കാനും അതുവഴി ഹൃദയം കീഴടക്കാനും നമുക്ക് സാധിക്കട്ടെ! ■



ലേഖനം

# വ്യഭിചാരത്തിലേക്ക് നയിക്കുന്ന ചില കാര്യങ്ങൾ

2

**അബൂ ആമിർ**

ലഘുവായ വ്യഭിചാരത്തിന് മറ്റു ചില ഉദാഹരണങ്ങൾ

**കിടപ്പറ രഹസ്യങ്ങൾ പരസ്യപ്പെടുത്തൽ**

ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗികബന്ധം അടഞ്ഞ വാതിലുകൾക്കും മറയ്ക്കും പിന്നിൽ സ്വകാര്യതയിലാണ് നടക്കുന്നത്. അതിന്റെ വിശദാംശങ്ങൾ സ്വകാര്യതയിലും രഹസ്യസ്വഭാവത്തിലും നിലനിൽക്കണം. അത് മറ്റുള്ളവരുമായി പങ്കുവെക്കുന്നത് വിശ്വാസികളുടെ മനസ്സിൽ ദുഷ്ചിന്തകൾ വരാൻ കാരണമാകും. വ്യഭിചാരത്തിലേക്ക് നയിക്കുന്ന ഒരു കവാടമാണിത്. അതിനാൽ, അത് പൂർണമായും അടയ്ക്കണം.

അബൂഹുറയ്റ(റ) നിവേദനം: ഒരിക്കൽ നബി(സ്വ) പള്ളിയിൽ ഖുതുബ നിർവഹിച്ചുകൊണ്ടിരിക്കെ പുരുഷന്മാരുടെ നേരെ തിരിഞ്ഞുകൊണ്ട് ചോദിച്ചു: “കതകുകളടച്ച്, തിരശ്ശീലകൾ താഴ്ത്തി, സ്വയം അല്ലാഹുവിന്റെ മറ സ്വീകരിച്ച്, ഭാര്യയെ സമീപിച്ച ശേഷം (കൂട്ടുകാരോടൊപ്പം) ഇരുന്ന് ‘ഞാൻ ഇന്ന കാര്യം ചെയ്തു, ഞാൻ ഇന്ന കാര്യം ചെയ്തു’ എന്ന് പറയുന്ന ഏതെങ്കിലും ഒരു പുരുഷൻ നിങ്ങളുടെ കൂട്ടത്തിലുണ്ടോ?’ പുരുഷന്മാർ നിശ്ശബ്ദരായി ഇരുന്നു. ശേഷം അവിടുന്ന് സ്ത്രീകൾക്ക് നേരെ തിരിഞ്ഞുകൊണ്ട് ചോദിച്ചു. ‘(അപ്രകാരം) പറയുന്ന എതെങ്കിലും സ്ത്രീ നിങ്ങളുടെ കൂട്ടത്തിലുണ്ടോ?’ അവരും നിശ്ശബ്ദരായി ഇരുന്നു. അപ്പോൾ, ഒരു കാൽമുട്ടു കുത്തി, മറ്റേ കാൽപാദത്തിൽ അൽപം ഉയർന്നുനിന്ന് ഒരു പെൺകുട്ടി പ്രവാചകന്റെ(സ്വ) ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: ‘തിരുദൂതരേ, പുരുഷന്മാരും സ്ത്രീകളും ഒരുപോലെ അത് പറയാറുണ്ട്.’ അപ്പോൾ നബി(സ്വ) പറഞ്ഞു: ‘അത് ഏതുപോലെയാണെന്ന് നിനക്കറിയുമോ? ഒരു പെൺപിശാച് തെരുവിൽവെച്ച് ആൺപിശാചിനെ കണ്ടുമുട്ടുകയും ജനങ്ങൾ നോക്കിനിൽക്കെ വികാരപൂർത്തീകരണം നടത്തുകയും ചെയ്യുന്നത് പോലെയാണത്!”

**സ്ത്രീയെക്കുറിച്ച് അപരിചിതന് വിവരിച്ചുകൊടുക്കൽ**

ഒരു മുസ്‌ലിം സ്ത്രീക്ക് തന്റെ മുസ്‌ലിം സഹോദരിയുടെ ഔറത്തിൽ പെട്ട ചില ഭാഗങ്ങൾ കാണുന്നത് അനുവദനീയമാണ്. എന്നാൽ, അവളിൽ കണ്ട കാര്യങ്ങൾ മഹ്റമല്ലാത്ത ഒരു പുരുഷന് വിവരിച്ചുകൊടുക്കാനുള്ള അനുവാദം ഇത് നൽകുന്നില്ല.

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം, ഒരിക്കൽ റസൂൽ (സ്വ) പറഞ്ഞു: “ഒരു സ്ത്രീ മറ്റൊരു സ്ത്രീയുമായി സഹവസിച്ചശേഷം ആ സ്ത്രീയെ നേരിൽ കാണുംവിധം സ്വഭർത്താവിന് അവളെ ചിത്രീകരിച്ച് കൊടുക്കരുത്” (ബുഖാരി, അഹ്മദ്).

ഒരു സ്ത്രീ തന്റെ ഭർത്താവിന് അത് പറഞ്ഞുകൊടുക്കുകയാണെങ്കിൽ, അവൾ ചെയ്യുന്നത് പാപമാണ്. ഉദാഹരണത്തിന്. ‘എന്റെ സുഹൃത്ത് സുന്ദരിയാണ്. നീണ്ട് ഇടതൂർന്ന കാർക്കൂന്തലും വശ്യമായ കണ്ണുകളും ഇടുങ്ങിയ അരക്കെട്ടും ഉള്ളവളാണ് അവൾ...’ എന്നിങ്ങനെയുള്ള വിശദീകരണങ്ങൾ നൽകിക്കൂടാ. എന്തുകൊണ്ടെന്നാൽ, അത്തരം വിവരണങ്ങൾ പുരുഷന്റെ ഭാവനയെ ഇളക്കിവിടുകയും പിശാചിന് ഹൃദയത്തിൽ കാൽവെക്കാനുള്ള

ഇടം നൽകുകയും ചെയ്യും.

**ഖുൽവഃ**

മഹ്റമല്ലാത്ത പുരുഷന്റെ കൂടെ ഒരു സ്ത്രീ സ്വകാര്യതയിൽ കഴിച്ചുകൂട്ടുന്നതിനാണ് 'ഖുൽവഃ' എന്ന് പറയുന്നത്. ഈ 'സ്വകാര്യത' എന്നത് വീടോ, ഓഫീസോ, കാറോ, ലിഫ്റ്റോ, അതുമല്ലെങ്കിൽ ഒരു നിരീക്ഷകന്റെ സാന്നിധ്യമുണ്ടാകാൻ നേരിയ സാധ്യത മാത്രമുള്ള തുറസ്സായ പാർക്കോ ആകാം.

ഖുൽവഃ എന്നത് നിഷിദ്ധമാണ്. കാരണം, അത് പിശാചിന് കെണിയൊരുക്കാനും ഖുൽവയിലുള്ള രണ്ടിലൊരാളുടെ മനസ്സിൽ ദുഷ്ടവിചാരം ഉണ്ടാക്കുവാനും അവസരം നൽകലാണ്.

ഇബ്നു അബ്ബാസ്(റ) നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "ഒരു പുരുഷനും സ്ത്രീയോടൊപ്പം ഖുൽവയിലാകരുത്. മഹ്റം കൂടെയില്ലാതെ ഒരു സ്ത്രീക്ക് യാത്ര ചെയ്യാനും പാടില്ല'' (ബുഖാരി, മുസ്‌ലിം).

ഉമർ(റ) നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "പിശാച് മൂന്നാമനായിക്കൊണ്ടല്ലാതെ ഒരു പുരുഷനും സ്ത്രീയോടൊപ്പം ഖുൽവയിലാകുകയില്ല'' (തിർമിദി, ഇബ്നുമാജ).

**ദയ്യൂസ്**

ദയ്യൂസ് എന്നത് സ്വന്തം ഭാര്യയുടെയും കുടുംബത്തിലെ മറ്റു സ്ത്രീകളുടെയും സുരക്ഷിതത്വത്തെക്കുറിച്ച് ബോധമില്ലാത്ത പുരുഷനാണ്. പാപത്തിലേക്ക് നയിക്കുന്ന കാര്യങ്ങൾ അവർ ചെയ്യുന്നത് അയാൾ ശ്രദ്ധിക്കുകയില്ല. ഉദാഹരണത്തിന്, നഗ്നത (ഔറത്ത്) വെളിവാക്കൽ, പുരുഷന്മാരുമായി അയവുള്ള സമീപനം സ്വീകരിക്കൽ, പരപുരുഷന്മാരുമായി കൂടിക്കലരൽ എന്നിത്യാദി കാര്യങ്ങൾ തന്റെ കീഴിലുള്ള സ്ത്രീകളിലുണ്ടായാലും അയാൾ അത് ഗൗരവത്തിലെടുക്കുകയില്ല. ദയ്യൂസ്, പലപ്പോഴും തന്റെ കുടുംബത്തിലുള്ള സ്ത്രീകളെ അന്യ പുരുഷന്മാരോടൊപ്പം പോകാൻ പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ട സൗകര്യങ്ങളൊരുക്കിക്കൊടുക്കുകയും ചെയ്യും.

**ശാരീരികാവയവങ്ങളിൽ പെട്ട, നോക്കാൻ അനുവദിച്ച ഭാഗങ്ങളിലാണെങ്കിൽ പോലും തുറിച്ചുനോക്കൽ നിഷിദ്ധമാണ്. സ്ത്രീയുടെ മുഖവും പുരുഷന്റെ നെഞ്ചും ഇതിന് ഉദാഹരണമാണ്. തുറിച്ചുനോട്ടത്തോടൊപ്പം ശൈത്വാന്റെ ദുർമന്ത്രം വരും. അവൻ അതിനെ ലൈംഗികവികാരം ഉത്തേജിപ്പിക്കുന്ന രൂപത്തിൽ തോന്നിപ്പിക്കുകയും വസ്ത്രങ്ങൾക്കുള്ളിലുള്ളതിനെ ഭാവനയിൽ രൂപപ്പെടുത്തുകയും ചെയ്യും. അത് കാരണം, ആദ്യത്തെ നോട്ടം മാത്രമേ ഒരാൾക്ക് അനുവദിച്ചിട്ടുള്ളൂ. ശേഷമുള്ള നോട്ടങ്ങൾ പാപമാണ്.**

**ബുറയ്ദ്(റ) നിവേദനം; നബി(സ്വ) അലി(റ)യോട് പറഞ്ഞു: "ഓ അലി, ഒരു നോട്ടത്തെ മറ്റൊരു നോട്ടം കൊണ്ട് നീ പിന്തുടർത്തരുത്. എന്തെന്നാൽ, ഒന്നാമത്തേത് നിനക്കുള്ളതാണ്. അടുത്തത് നിനക്കുള്ളതല്ല''**

ദയ്യൂസിന്റെ ഈ അധാർമികമായ ചെയ്തി ഒരു വൻപാപമാണ്. അത് ചെയ്യുന്നവൻ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് താക്കീത് നൽകപ്പെട്ടിട്ടുണ്ട്.

അമ്മാർ ഇബ്നു യാസിർ(റ) നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "മൂന്നാളുകൾ; അവർ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല: ദയ്യൂസ്, പുരുഷന്മാരോട് സാദൃശ്യം പുലർത്തുന്ന സ്ത്രീ, മദ്യപാനത്തിന് അടിമപ്പെട്ടവൻ'' (ത്വബ്റാനി. ഇത് സ്വഹീഹാണെന്ന് അൽബാനി പ്രസ്താവിച്ചിട്ടുണ്ട്- സ്വഹീഹുൽ ജാമിഅ്).

ഇബ്നു ഉമർ(റ) നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "മൂന്നാളുകളുടെ മേൽ സ്വർഗം നിഷിദ്ധമാണ്. മദ്യപാനത്തിന് അടിമപ്പെട്ടവൻ, മാതാപിതാക്കളോട് മോശമായി പെരുമാറുന്നവൻ, സ്വന്തം കുടുംബത്തിലെ മ്ലേച്ഛത അംഗീകരിക്കുന്ന ദയ്യൂസ.''(അഹ്മദ്, ഹാകിം. ഇത് സ്വഹീഹാണെന്ന് അൽബാനി പ്രസ്താവിച്ചു- സ്വഹീഹുൽ ജാമിഅ്).

**നാവിന്റെയും കാതിന്റെയും വ്യഭിചാരം**

ദമ്പതികൾ തമ്മിലുള്ള കിടപ്പറ രഹസ്യങ്ങളെയും, അതുപോലെത്തന്നെ ലൈംഗികവികാരത്തെ ഉത്തേജിപ്പിക്കുന്ന മറ്റു കാര്യങ്ങളെയും കുറിച്ച് സംസാരിക്കുന്നത് വലിയൊരു പാപമാണെന്ന് ഉപരി സൂചിത ഹദീസുകൾ വ്യക്തമാക്കിത്തരുന്നു. അത്തരം സംസാരങ്ങൾ കേൾക്കുന്നതും പാപമാണെന്ന് അവ സൂചിപ്പിക്കുന്നു. ഈ രണ്ട് പ്രവൃത്തികൾ നാവിന്റെയും കാതിന്റെയും വ്യഭിചാരമാണ്. ഇതു തന്നെയാണ് അബൂഹുറയ്റ(റ)യുടെ ഹദീസിൽ സൂചിപ്പിച്ചതും.

ലൈംഗികതാൽപര്യം ജനിപ്പിക്കുന്ന ഏതുകാര്യവും സംസാരിക്കുകയും കേൾക്കുകയും ചെയ്യുന്നത് നാവിന്റെയും കാതിന്റെയും വ്യഭിചാരത്തിന്റെ പരിധിയിൽ പെടും. ശൃംഗാരം, ലൈംഗികോത്തേജകമായ പാട്ടുകൾ, കാമോദ്ദീപകമായ തമാശകൾ എന്നിവ അതിന്നുദാഹരണങ്ങളാണ്.

**കൈയിന്റെ വ്യഭിചാരം**

രണ്ട് വ്യക്തികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ് സ്പർശനം. അത് കാരണം നിയമവിരുദ്ധമായ സ്പർശനത്തെ റസൂൽ(സ്വ) ലഘുവായ വ്യഭിചാരമായി കണക്കാക്കിയതായി അബൂഹുറയ്റ(റ) ഉദ്ധരിച്ച ഹദീസ് വ്യക്തമാക്കുന്നു. ■



കവർ സ്റ്റോറി

> പ്രമാണങ്ങൾക്ക് സ്വയം ഭാഷ്യം ചമയ്ക്കുക, വികലമായ പരിഭാഷകൾ കണ്ടെത്തി മറുപടി പറയുക, അനവസരത്തിൽ മുറിച്ച് അർഥവ്യത്യാസം വരുത്തുക... തുടങ്ങി യുക്തിവാദികൾ മതത്തിനെതിരെ നടത്തിക്കൊണ്ടിരിക്കുന്ന ‘വൈജ്ഞാനിക വഞ്ചനകൾക്ക്’ കയ്യുംകണക്കുമില്ല. സ്രഷ്ടാവിന്റെ ജ്ഞാനത്തെ കുറിച്ച് പ്രമാണങ്ങളിൽ വന്ന ചില പരാമർശങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിലെ നാസ്തിക നേതാവ് നടത്തിയ വിശദീകരണം കേട്ടാൽ വിശ്വാസികൾ മാത്രമല്ല സ്വന്തം അനുയായികൾവരെ മൂക്കത്ത് വിരൽവെച്ച് പോകും!

# സ്രഷ്ടാവിന്റെ ജ്ഞാനവും യുക്തിവാദികളുടെ സംശയവും

**ജൗസൽ സി.പി**
:+971 50 957 5064

സവർക്കറൈറ്റ് നാസ്തികൻ രവിചന്ദ്രൻ സംഘ്പരിവാറുകാരെ സന്തോഷിപ്പിക്കുവാനായി ഇസ്‌ലാമികവിരുദ്ധ ചിന്തകൾ പ്രചരിപ്പിക്കുന്ന യുക്തിവാദി നേതാവാണ്. ഏതെങ്കിലും ക്വുർആൻ സൂക്തമോ പ്രവാചക വചനമോ തപ്പിയെടുത്ത് അല്ലാഹുവിനെയോ, പ്രവാചകനെയോ, ക്വുർആനിനെയോ പരിഹസിക്കാൻ വലിയ ഒരായുധം കിട്ടി എന്ന മട്ടിൽ അദ്ദേഹം ചാടിപ്പുറപ്പെടും. അദ്ദേഹത്തിന്റെ ഒരു പോസ്റ്റ് അതേപടി താഴെ കൊടുക്കുന്നു:

“// The KEY MAN

മുഹമ്മദ് പറഞ്ഞു: നിഗൂഢരഹസ്യങ്ങളുടെ താക്കോലുകൾ (അത് അല്ലാഹുവിന്റെ പക്കലാണ്). അവനല്ലാതെ മറ്റാർക്കും അത് അറിയില്ല.

അള്ളാഹുവിന് മാത്രം അറിയുന്ന കാര്യങ്ങൾ:

1. നാളെ എന്തു സംഭവിക്കും?
2. ഗർഭസ്ഥശിശു ആണോ പെണ്ണോ?
3. എപ്പോൾ മഴപെയ്യും?
4. ഒരാൾ എവിടെ വെച്ച് മരിക്കും?
5. എപ്പോൾ ലോകാവസാനം?

(Sahih al-Bukhari 4697)



ഈ പ്രപഞ്ചത്തിന്റെ പിന്നാമ്പുറങ്ങളിൽപോലും പ്രവേശനം നിഷേധിക്കപ്പെട്ട ഒരു കോസ്മിക് അഗതിക്ക് ഇത്രയും മാരകമായ ബ്രഹ്മാണ്ടജ്ഞാനം ഉണ്ടെന്ന് ഊഹിക്കാനാവുമോ? ഗർഭസ്ഥശിശുവിന്റെ ലിംഗംവരെ തിരിച്ചറിയുന്നു! പിന്നെ, മഴ!! ദുസ്സഹ സാഹചര്യങ്ങളെ അതിജീവിക്കാൻ അള്ളാഹുവിന് അനുപമമായ ശേഷിയുണ്ട് എന്നല്ലേ ഇതിൽ നിന്ന് വ്യക്തമാകുന്നത്? When the going gets tough, the tough get going! //"

സത്യത്തിൽ രവി സാറിന് ഹദീസ് വായിച്ചിട്ട് മനസ്സിലാകാത്തതുകൊണ്ട് സംഗതി ടഫ് ആയി തോന്നുന്നതാണ്. അല്ലെങ്കിൽ മനസ്സിലായിട്ടും ചെയ്തുവരുന്ന ശൈലി പിൻപറ്റി ഒട്ടകപ്പക്ഷി നയം സ്വീകരിക്കുകയാണ്. ഏതായിരുന്നാലും അദ്ദേഹം വിചാരിക്കുന്നതു പോലെ ഹദീസിൽ പറഞ്ഞത് അത്ര ടഫ് ഒന്നുമല്ല. എന്താണ് ഹദീസിൽ പറഞ്ഞ കാര്യം എന്നു നോക്കാം.

വിശുദ്ധ ക്വുർആൻ സൂറത്തു ലുക്മാനിലെ അവസാന ആയത്ത് കാണുക:

"തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു."

ഈ സൂക്തത്തെ വിശദീകരിച്ചുകൊണ്ട് മുഹമ്മദ് നബി(സ്വ) പ്രസ്താവിച്ച കാര്യമാണ് പ്രസ്തുത ഹദീസിലുള്ളത്.

മുഹമ്മദ് നബി(സ്വ) പറഞ്ഞു: "ഗയ്ബിന്റെ (അദൃശ്യ കാര്യങ്ങളുടെ) താക്കോലുകൾ അഞ്ചെണ്ണമാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അവ അറിയില്ല: നാളെ എന്തു സംഭവിക്കും എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. ഗർഭത്തിലുള്ളതിന്റെ അവസ്ഥ എന്ത് എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. എപ്പോൾ മഴപെയ്യും എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. ഒരാൾ എവിടെവെച്ച് മരിക്കും എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. ലോകാവസാനം എപ്പോഴാണ് എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല" (ബുഖാരി 4697).

**"ഗയ്ബിന്റെ (അദൃശ്യ കാര്യങ്ങളുടെ) താക്കോലുകൾ അഞ്ചെണ്ണമാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അവ അറിയില്ല: നാളെ എന്തു സംഭവിക്കും എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. ഗർഭത്തിലുള്ളതിന്റെ അവസ്ഥ എന്ത് എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. എപ്പോൾ മഴപെയ്യും എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. ഒരാൾ എവിടെവെച്ച് മരിക്കും എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല. ലോകാവസാനം എപ്പോഴാണ് എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല''**

**“മുഹമ്മദ് പറഞ്ഞു: നിഗൂഢരഹസ്യങ്ങളുടെ താക്കോലുകൾ (അത് അല്ലാഹുവിന്റെ പക്കലാണ്). അവനല്ലാതെ മറ്റാർക്കും അത് അറിയില്ല...’’ ഇംഗ്ലീഷ് അധ്യാപകനായ രവി ഒരു ഇംഗ്ലീഷ് പാരഗ്രാഫ് പരിഭാഷപ്പെടുത്തിയതിന്റെ കോലം ആണിത്. അല്ലാഹുവിനെ ഒരു കീ മാൻ ആയി അവതരിപ്പിക്കാൻ അയാൾ സ്വന്തം വക അർഥം ഉണ്ടാക്കുന്നു! എന്നിട്ട് ഓരോന്ന് ആരോപിക്കുന്നു! “ഗയ്ബിന്റെ (അദൃശ്യ കാര്യങ്ങളുടെ) താക്കോലുകൾ അഞ്ചെണ്ണമാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അവ അറിയില്ല’’ എന്നതാണ് യഥാർഥ അർഥം.**

ഹദീസ് ഞാൻ പരിഭാഷപ്പെടുത്തിയത് മുകളിൽ കണ്ടല്ലോ. അതിനുശേഷം രവിചന്ദ്രന്റെ പരിഭാഷ ഒന്നുകൂടി വായിക്കുക.

The keys of Unseen are five which none knows but Allah എന്നതിനെ രവിചന്ദ്രൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്.

“മുഹമ്മദ് പറഞ്ഞു: നിഗൂഢ രഹസ്യങ്ങളുടെ താക്കോലുകൾ (അത് അല്ലാഹുവിന്റെ പക്കലാണ്). അവനല്ലാതെ മറ്റാർക്കും അത് അറിയില്ല...”

ഇംഗ്ലീഷ് അധ്യാപകനായ രവി ഒരു ഇംഗ്ലീഷ് പാരഗ്രാഫ് പരിഭാഷപ്പെടുത്തിയതിന്റെ കോലം ആണിത്. അല്ലാഹുവിനെ ഒരു കീ മാൻ ആയി അവതരിപ്പിക്കാൻ അയാൾ സ്വന്തം വക അർഥം ഉണ്ടാക്കുന്നു! എന്നിട്ട് ഓരോന്ന് ആരോപിക്കുന്നു!

“ഗയ്ബിന്റെ (അദൃശ്യ കാര്യങ്ങളുടെ) താക്കോലുകൾ അഞ്ചെണ്ണമാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അവ അറിയില്ല” എന്നതാണ് യഥാർഥ അർഥം.

‘അദൃശ്യത്തിന്റെ താക്കോലുകൾ’ എന്നത് ഒരു അറബി സാഹിത്യ പ്രയോഗമാണ്. ദൈവത്തിനു മാത്രം അറിയുന്ന കാര്യങ്ങൾ എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അഞ്ച് അദൃശ്യകാര്യങ്ങൾ; അവ അല്ലാഹുവിന് മാത്രമെ അറിയൂ എന്നാണ് അവിടെ ഉദ്ദേശിക്കുന്നത്.

അതിനെയാണ് ഈ യുക്തിവാദിയായ ഇംഗ്ലീഷ് വാധ്യാർ പരിഭാഷപ്പെടുത്തി സ്വന്തം വക കീ മാൻ ആക്കിയത്!

‘അദൃശ്യത്തിന്റെ താക്കോലുകൾ അഞ്ചെണ്ണമാണ്. അല്ലാഹുവിനല്ലാതെ മറ്റാർക്കും അവ അറിയില്ല’ എന്ന് മാത്രം അർഥമുള്ള വാചകത്തിൽനിന്ന് ‘അഞ്ചെണ്ണമാണ്’ എന്നു പറഞ്ഞത് ഒഴിവാക്കി, ‘താക്കോലുകൾ അല്ലാഹുവിന്റെ പക്കൽ ആണ്’ എന്ന് ബ്രാക്കറ്റിൽ കൊടുത്തുകൊണ്ട് അല്ലാഹുവിനെ കീ മാൻ ആക്കാൻ വിമർശകൻ കുതന്ത്രം പ്രയോഗിച്ചിരിക്കുകയാണ്.

‘ഗർഭത്തിലുള്ളതിന്റെ അവസ്ഥ എന്ത് എന്ന് അല്ലാഹുവിനല്ലാതെ ആർക്കും അറിയില്ല’ എന്നാണ് ഹദീസിലുള്ളത്. എന്നാൽ ഇംഗ്ലീഷ് പരിഭാഷകൻ സ്വന്തം വകയായി ബ്രാക്കറ്റിൽ ഇങ്ങനെ നൽകിയിട്ടുണ്ട് a male child or a female) (ആൺകുഞ്ഞോ പെൺകുഞ്ഞോ എന്നത്). ഹദീസിൽ അങ്ങനെയൊരു വാചകമേ ഇല്ല. പരിഭാഷകൻ തന്റെ വകയായി മാത്രം ബ്രാക്കറ്റിൽ കൊടുത്ത കാര്യമാണത്. സത്യത്തിൽ പരിഭാഷകൻ തെറ്റിദ്ധരിച്ച കാര്യം മാത്രമാണിത്. ഇവിടെ പ്രതിപാദിക്കുന്നത് ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയമോ മറ്റോ അല്ല, ഗർഭസ്ഥ ശിശുവിന്റെ വിധി





യെക്കുറിച്ചുള്ള കാര്യമാണ് എന്നതാണ് വാസ്തവം.

ഒരു ഭാഷയിലെ സാഹിത്യം പരിഭാഷപ്പെടുത്തുമ്പോൾ അതിൽ ഇല്ലാത്ത ചില കാര്യങ്ങൾ സ്വന്തം വക പറയാനായി പരിഭാഷകർ ബ്രാക്കറ്റിൽ ചിലത് എഴുതാറുണ്ട്. പ്രസ്തുത വാചകത്തിൽനിന്ന് പരിഭാഷകർ മനസ്സിലാക്കിയ ചില കാര്യങ്ങൾ രേഖപ്പെടുത്താനാണ് ഇങ്ങനെ ചെയ്യുന്നത്. അവ ഒറിജിനൽ സാഹിത്യത്തിൽ ഉള്ളതല്ല; മറിച്ച് പരിഭാഷകന്റെ സ്വന്തം വകയാണ് എന്ന് കാണിക്കാനാണ് പ്രത്യേകം ബ്രാക്കറ്റിൽ കൊടുക്കുന്നത്.

പരിഭാഷകൻ തെറ്റിദ്ധരിച്ച് സ്വന്തം വക നൽകിയ വിശദീകരണം അയാൾ മാന്യമായി ബ്രാക്കറ്റിനകത്താണ് കൊടുത്തിട്ടുള്ളത്. അഥവാ ഇത് സ്വന്തം അഭിപ്രായം ആണ് എന്ന് പരിഭാഷകൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നമ്മുടെ രവി സാർ ചെയ്തത് തനിച്ച കൃത്രിമമാണ്. പരിഭാഷകൻ ബ്രാക്കറ്റിൽ കൊടുത്ത അർഥം ബ്രാക്കറ്റ് ഒഴിവാക്കി ഹദീസിന്റെ പരിഭാഷയായി തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്! നാസ്തികരുടെ ഇമ്മിണി ബല്യേ നേതാവിന്റെ നിലവാരം ഇതിൽനിന്നുതന്നെ മനസ്സിലാക്കാം.

ഗർഭത്തിലുള്ളതിന്റെ അവസ്ഥ അല്ലാഹുവിന് മാത്രമെ അറിയൂ എന്ന് പറഞ്ഞത് കുഞ്ഞിന്റെ വിധിയെ സംബന്ധിച്ചുള്ള കാര്യമാണ്. മനുഷ്യന്റെ ഗർഭാവസ്ഥയിൽ അല്ലാഹു ഒരു മലക്കിനെ

ഒരു ഭാഷയിലെ സാഹിത്യം പരിഭാഷപ്പെടുത്തുമ്പോൾ അതിൽ ഇല്ലാത്ത ചില കാര്യങ്ങൾ സ്വന്തം വക പറയാനായി പരിഭാഷകർ ബ്രാക്കറ്റിൽ ചിലത് എഴുതാറുണ്ട്. പ്രസ്തുത വാചകത്തിൽനിന്ന് പരിഭാഷകർ മനസ്സിലാക്കിയ ചില കാര്യങ്ങൾ രേഖപ്പെടുത്താനാണ് ഇങ്ങനെ ചെയ്യുന്നത്. അവ ഒറിജിനൽ സാഹിത്യത്തിൽ ഉള്ളതല്ല; മറിച്ച് പരിഭാഷകന്റെ സ്വന്തം വകയാണ് എന്ന് കാണിക്കാനാണ് പ്രത്യേകം ബ്രാക്കറ്റിൽ കൊടുക്കുന്നത്.
പരിഭാഷകൻ തെറ്റിദ്ധരിച്ച് സ്വന്തം വക നൽകിയ വിശദീകരണം അയാൾ മാന്യമായി ബ്രാക്കറ്റിനകത്താണ് കൊടുത്തിട്ടുള്ളത്. അഥവാ ഇത് സ്വന്തം അഭിപ്രായം ആണ് എന്ന് പരിഭാഷകൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നമ്മുടെ രവി സാർ ചെയ്തത് തനിച്ച കൃത്രിമമാണ്. പരിഭാഷകൻ ബ്രാക്കറ്റിൽ കൊടുത്ത അർഥം ബ്രാക്കറ്റ് ഒഴിവാക്കി ഹദീസിന്റെ പരിഭാഷയായി തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്! നാസ്തികരുടെ ഇമ്മിണി ബല്യേ നേതാവിന്റെ നിലവാരം ഇതിൽനിന്നുതന്നെ മനസ്സിലാക്കാം.

നിയോഗിക്കുകയും ഭ്രൂണത്തിന് 40 ദിവസം പ്രായമുള്ളപ്പോൾ മലക്ക് കുഞ്ഞിന്റെ വിധി രേഖപ്പെടുത്തുകയും ചെയ്യും എന്നൊക്കെ സുദീർഘമായ ഒരു ഹദീസിൽ പറയുന്നുണ്ട്.

ഹദീസിൽ പറഞ്ഞ അഞ്ചു കാര്യങ്ങളും അല്ലാഹു അറിയിച്ചു കൊടുത്താൽ അല്ലാതെ ലോകത്ത് ഒരു സൃഷ്ടിക്കും അറിയാൻ കഴിയില്ല. അങ്ങനെയല്ല; ഇപ്പറഞ്ഞതിൽ ഏതെങ്കിലും ഒരു കാര്യം മനുഷ്യർക്ക് അറിയുമെന്ന വാദം ഉണ്ടെങ്കിൽ അത് പറയുകയാണ് വേണ്ടത്.

### എല്ലാമറിയുന്നവൻ എന്തിന് പരീക്ഷണം നടത്തണം?

ദൈവം എല്ലാം അറിയുന്നവനാണെങ്കിൽ എന്തിന് പരീക്ഷണം നടത്തണം എന്നത് യുക്തിവാദികൾ ഉന്നയിക്കുന്ന ഒരു ചോദ്യമാണ്. അത് ശരിയാണല്ലോ എന്ന് പലരും ചിന്തിച്ചേക്കാം.


പരീക്ഷ നടത്തുന്നത് പരീക്ഷ എഴുതുന്നവരിൽ ആരാണ് ഏറ്റവും നന്നായി പെർഫോം ചെയ്യുന്നത് എന്ന് മനസ്സിലാക്കാനാണ്. അതിന്റെ റിസൾട്ട് അനുസരിച്ചാണ് അവരുടെ ഭാവി തീരുമാനിക്കപ്പെടുന്നത്. റിസൾട്ടിന്റെ ഗുണവും ദോഷവും എല്ലാം അനുഭവിക്കേണ്ടത് പരീക്ഷ എഴുതുന്നവരാണ്. പരീക്ഷയുടെ സിലബസും പരീക്ഷാ തീയതിയും വ്യക്തമാക്കിക്കൊടുക്കുകയും പരീക്ഷയ്ക്ക്

**പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു പ്രപഞ്ചത്തിന് അതീതനാണ്. അഥവാ പ്രപഞ്ചത്തിന് പുറത്താണ് അല്ലാഹുവിന്റെ അസ്തിത്വം. അതുകൊണ്ടുതന്നെ പ്രാപഞ്ചിക നിയമങ്ങളോ സമയമോ ഒന്നും അല്ലാഹുവിനു ബാധകമല്ല. അവൻ തുടക്കമോ ഒടുക്കമോ ഇല്ലാത്തവനാണ്. അല്ലാഹു സ്പേസ്-ടൈം ബൗണ്ട് അല്ല. പ്രപഞ്ചത്തിലെ ഡയമെൻഷനുകൾക്ക് അപ്പുറം ഉള്ള ഒരാളെ സംബന്ധിച്ചിടത്തോളം അയാൾക്ക് സമയം ബാധകമല്ല എന്നാണ് ശാസ്ത്രം പറയുന്നത്. ഭൂതം, ഭാവി, വർത്തമാനം എന്നിങ്ങനെയുള്ള സമയങ്ങൾ പ്രപഞ്ചത്തിന് പുറത്തുള്ള ഒരാൾക്ക് ബാധകമല്ല. പ്രപഞ്ചത്തിന് പുറത്തുനിന്ന് വീക്ഷിക്കുന്ന ഒരാൾക്ക് ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും എല്ലാം ഒരുപോലെ, ഒരേസമയം കാണാൻ കഴിയും.**

വേണ്ട പാഠഭാഗങ്ങൾ പഠിപ്പിക്കുകയും മാത്രമാണ് അധ്യാപകരുടെ ഉത്തരവാദിത്തം. നന്നായി പഠിക്കേണ്ടതും പരീക്ഷ കൃത്യസമയത്ത് ഭംഗിയായി എഴുതുകയും ചെയ്യേണ്ടത് വിദ്യാർഥിയുടെ ഉത്തരവാദിത്വമാണ്.

നന്നായി പഠിച്ച് പത്താംക്ലാസ്സും പ്ലസ്ടുവും പാസ്സായാൽ മാത്രമെ ഉന്നതവിദ്യാഭ്യാസം നേടാനും നല്ല ജോലി സമ്പാദിക്കാനും കഴിയൂ എന്ന് വിദ്യാർഥികളോട് അധ്യാപകൻ പറയുമ്പോൾ ചില വിദ്യാർഥികൾ നന്നായി പഠിക്കുകയും നല്ല മാർക്കോടെ പാസ്സാവാൻ പരിശ്രമിക്കുകയും ചെയ്യും. ചില ഉഴപ്പൻമാർ 'അങ്ങനെ ഒരു പരീക്ഷയേ ഇല്ല, ഇനി പരീക്ഷ ഉണ്ടെങ്കിൽ തന്നെ എല്ലാവരെയും പാസ്സാക്കും. ഉന്നത വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും നല്ല ജോലിയൊക്കെ കിട്ടും. ഇതൊക്കെ അധ്യാപകൻ വെറുതെ ബഡായി പറയുന്നതാണ്' എന്നു പറഞ്ഞ് അധ്യാപകരെ പരിഹസിക്കുകയും അവസാനം പരീക്ഷയിൽ തോൽക്കുകയും ചെയ്യുന്നു എന്ന് കരുതുക. ഉന്നതവിദ്യാഭ്യാസവും നല്ലൊരു ജോലിയും ഒന്നും ലഭിക്കാത്തതിന്റെ പൂർണ ഉത്തരവാദി വിദ്യാർഥി മാത്രമാണല്ലോ? പഠിക്കുവാനുള്ള അവസരങ്ങൾ എല്ലാവർക്കും ഒരുപോലെ സ്കൂളിൽ ലഭ്യമായിരുന്നു. അവസരങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുകയും പരീക്ഷയിൽ തോൽക്കുകയും ചെയ്തതിന് വിദ്യാർഥി മാത്രമാണ് ഉത്തരവാദി. നന്നായി പഠിച്ച് നല്ല മാർക്കോടെ പരീക്ഷ പാസ്സായവർക്കും അവസരങ്ങൾ ലഭിച്ചിട്ടും അഹങ്കാരവും പുച്ഛവും കൊണ്ട് മാത്രം പരീക്ഷ തോറ്റവർക്കും ഒരുപോലെ ഉന്നത വിദ്യാഭ്യാസത്തിന് അവസരം നൽകണമെന്ന് പറയുന്നത് നീതിയല്ലല്ലോ. അങ്ങനെ പരീക്ഷ തോറ്റവനും നല്ല മാർക്കിൽ പാസ്സായവനും ഒരുപോലെ ഉന്നതവിദ്യാഭ്യാസത്തിന് അവസരം നൽകിയാൽ അത് തികഞ്ഞ അനീതിയല്ലേ? പരീക്ഷയിൽ ആരെയും തോൽപിക്കരുത്, എല്ലാവർക്കും ഫുൾ മാർക്ക് കൊടുക്കണം എന്നു പറയുന്നതാണോ നീതി?

പരീക്ഷയുടെ റിസൾട്ട് ആശ്രയിച്ചിരിക്കുന്നത് വിദ്യാർഥികൾക്ക് ഓരോ വിഷയത്തിലും എത്രത്തോളം അറിവുണ്ട് എന്നതിനെ മാത്രമാണ്. ജൂൺ പത്താം തീയതി പരീക്ഷ നടക്കുന്നു; ഇരുപത്തിയഞ്ചാം തീയതിയാണ് റിസൾട്ട് പുറത്തുവരുന്നത് എന്ന് കരുതുക. അധ്യാപകൻ ജൂൺ 10ന് തന്നെ പരീക്ഷാ പേപ്പർ മൂല്യനിർണയം നടത്തി. സ്കൂളിലെ റിസൾട്ട് എൻട്രി ചെയ്യുന്ന ക്ലർക്ക് പതിനൊന്നാം തീയതി തന്നെ റിസൽട്ട് കമ്പ്യൂട്ടറിൽ കയറ്റി. പരീക്ഷാഫലം വരുന്നതിന് രണ്ട് ആഴ്ച മുമ്പുതന്നെ ഈ രണ്ടു പേർക്കും റിസൾട്ട് അറിയാം എന്നതുകൊണ്ട് പരീക്ഷാഫലത്തിൽ എന്തെങ്കിലും മാറ്റം വരുമോ? പരീക്ഷാഫലം പൂർണമായും വിദ്യാർഥികളുടെ ഉത്തരത്തെ ആശ്രയിച്ചിരിക്കുന്നു. റിസൾട്ടിനെക്കുറിച്ച് ആർക്കെങ്കിലും നേരത്തെ അറിയും എന്നുള്ളത് റിസൾട്ടിനെ ബാധിക്കുന്ന കാര്യമല്ല. റിസൾട്ട് 100% വിദ്യാർഥികളുടെ പെർഫോമൻസിനെ മാത്രം ആശ്രയിച്ചാണ്. റിസൾട്ട് അനൗൺസ് ചെയ്യുന്നതിന് രണ്ടാഴ്ച മുമ്പുതന്നെ ക്ലാർക്കിന് റിസൾട്ട് അറിയാം, അതുകൊണ്ടാണ് ഞാൻ തോറ്റത് എന്ന് ഒരു വി





ദ്യാർഥി അവകാശപ്പെട്ടാൽ അത് എത്രത്തോളം പരിഹാസ്യമാണ്!

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു പ്രപഞ്ചത്തിന് അതീതനാണ്. അഥവാ പ്രപഞ്ചത്തിന് പുറത്താണ് അല്ലാഹുവിന്റെ അസ്ഥിത്വം. അതുകൊണ്ടുതന്നെ പ്രാപഞ്ചിക നിയമങ്ങളോ സമയമോ ഒന്നും അല്ലാഹുവിനു ബാധകമല്ല. അവൻ തുടക്കമോ ഒടുക്കമോ ഇല്ലാത്തവനാണ്. അല്ലാഹു സ്പേസ്-ടൈം ബൗണ്ട് അല്ല.

പ്രപഞ്ചത്തിലെ ഡയമെൻഷനുകൾക്ക് അപ്പുറം ഉള്ള ഒരാളെ സംബന്ധിച്ചിടത്തോളം അയാൾക്ക് സമയം ബാധകമല്ല എന്നാണ് ശാസ്ത്രം പറയുന്നത്. ഭൂതം, ഭാവി, വർത്തമാനം എന്നിങ്ങനെയുള്ള സമയങ്ങൾ പ്രപഞ്ചത്തിന് പുറത്തുള്ള ഒരാൾക്ക് ബാധകമല്ല. പ്രപഞ്ചത്തിന് പുറത്തുനിന്ന് വീക്ഷിക്കുന്ന ഒരാൾക്ക് ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും എല്ലാം ഒരുപോലെ, ഒരേസമയം കാണാൻ കഴിയും.

സമയം എന്ന ഡയമെൻഷന്റെ അപ്പുറത്തേക്ക് ചിന്തിക്കാൻ മനുഷ്യന്റെ മനസ്സിന് വലിയ പ്രയാസമാണ്. നമ്മുടെ ചിന്തകൾ എല്ലാംതന്നെ സമയബന്ധിതമാണ്. അതുകൊണ്ടുതന്നെ ഈ പ്രപഞ്ചം അഥവാ സ്പേസ് ടൈമിന് പുറത്തുള്ള ഒന്നിന് സമയം ബാധകമല്ല എന്ന കാര്യം ശാസ്ത്രീയമായി കൃത്യമായ ഒരു കാര്യമായിരുന്നിട്ടുകൂടി മനുഷ്യന്റെ ബുദ്ധിക്ക് ഉൾക്കൊള്ളാൻ ബുദ്ധിമുട്ടാണ്.

എന്തെങ്കിലും ഒരു സാഹചര്യത്തിൽ ഒരാൾക്ക് പ്രപഞ്ചത്തിന് പുറത്തേക്ക് യാത്രചെയ്യാൻ കഴിഞ്ഞാൽ ഇത്തരത്തിൽ സമയത്തിന് അതീതനായി കാര്യങ്ങൾ മനസ്സിലാക്കാൻ -ഭൂതവും ഭാവിയും വർത്തമാനവുമൊക്കെ ഒരേ സമയം കാണാനും മനസ്സിലാക്കാനും-കഴിയും എന്ന കാര്യം ശാസ്ത്രീയമായി അബദ്ധമല്ല എന്ന് മനസ്സിലാക്കുക.

മനുഷ്യനു 'ഫ്രീ വിൽ' അഥവാ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട് എന്നാണ് വിശുദ്ധ ക്വുർആൻ പറയുന്നത്. നന്മയും തിന്മയും എന്താണെന്ന് കൃത്യമായി അന്തിമദൂതനിലൂടെയും ക്വുർആനിലൂടെയും വിവരിച്ചുതന്നിട്ടുണ്ട്. നന്മയോ തിന്മയോ തിരഞ്ഞെടുക്കാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. നന്മയുടെ മാർഗം തിരഞ്ഞെടുക്കുന്നവർക്ക് മരണാനന്തര ജീവിതത്തിൽ സ്വർഗവും തിന്മയുടെ മാർഗം തിരഞ്ഞെടുക്കുന്നവർക്ക് നരകവുമാണ് ലഭിക്കുക എന്ന് അറിയിച്ചുതന്നിട്ടുണ്ട്. ഏതു തെരഞ്ഞെടുക്കുന്നു എന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തിൽ പെട്ടതാണ്. ഐഹിക ജീവിതം എന്നത് ഒരു പരീക്ഷണമാണ്. നന്മയാണോ തിന്മയാണോ മനുഷ്യൻ തിരഞ്ഞെടുക്കുക എന്നതിന്റെ പരീക്ഷണം.

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (ക്വുർആൻ 76:3).

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (67:2).

**മനുഷ്യനു 'ഫ്രീ വിൽ' അഥവാ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട് എന്നാണ് വിശുദ്ധ ക്വുർആൻ പറയുന്നത്. നന്മയും തിന്മയും എന്താണെന്ന് കൃത്യമായി അന്തിമദൂതനിലൂടെയും ക്വുർആനിലൂടെയും വിവരിച്ചുതന്നിട്ടുണ്ട്. നന്മയോ തിന്മയോ തിരഞ്ഞെടുക്കാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. നന്മയുടെ മാർഗം തിരഞ്ഞെടുക്കുന്നവർക്ക് മരണാനന്തര ജീവിതത്തിൽ സ്വർഗവും തിന്മയുടെ മാർഗം തിരഞ്ഞെടുക്കുന്നവർക്ക് നരകവുമാണ് ലഭിക്കുക എന്ന് അറിയിച്ചുതന്നിട്ടുണ്ട്. ഏതു തെരഞ്ഞെടുക്കുന്നു എന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തിൽ പെട്ടതാണ്. ഐഹിക ജീവിതം എന്നത് ഒരു പരീക്ഷണമാണ്. നന്മയാണോ തിന്മയാണോ മനുഷ്യൻ തിരഞ്ഞെടുക്കുക എന്നതിന്റെ പരീക്ഷണം.**

**നമ്മുടെ ഭാവി എന്താണെന്നും ഗ്രന്ഥത്തിൽ നമ്മെ പറ്റി എന്താണ് രേഖപ്പെടുത്തിയത് എന്നും നമുക്ക് ഒരുതരത്തിലും അറിയാൻ നിർവാഹമില്ലാത്തതുകൊണ്ട് നല്ലത് പ്രവർത്തിക്കുക, സ്വർഗത്തിനായി പരിശ്രമിക്കുക എന്നത് മാത്രമാണ് നമുക്ക് ചെയ്യാനുള്ളത്. ഭൂതകാലത്തിൽ നമ്മുടെ ജീവിതത്തിൽ ഫ്രീ വിൽ ഉപയോഗിച്ച് നാം ചെയ്ത കാര്യങ്ങളെല്ലാം കൃത്യമായി ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്നുള്ളത് വിശ്വസിക്കാൻ പ്രയാസമില്ലെങ്കിൽ സമയത്തിന് അതീതനായ പടച്ചവന് ഭൂതകാലം പോലെ വർത്തമാനവും ഭാവികാലവും ഒരുപോലെ അറിയാനും, ഫ്രീ വിൽ ഉപയോഗപ്പെടുത്തി നാം ഭാവിയിൽ ചെയ്യുന്ന കാര്യങ്ങളും തന്റെ അറിവനുസരിച്ച് രേഖപ്പെടുത്താനും ഒരു പ്രയാസവുമില്ല എന്നതും വിശ്വസനീയമാണ്.**

“പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കി വെച്ചിട്ടുണ്ട്...”(18:29).

ഇത്തരത്തിൽ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അഥവാ ‘ഫ്രീ വിൽ’ നൽകപ്പെട്ട മനുഷ്യൻ, അവന്റെ ജീവിതത്തിലെ ഓരോ സെക്കൻഡിലും എടുക്കുന്ന തീരുമാനങ്ങൾ കൃത്യമായി സ്രഷ്ടാവിന് അറിയാം; കാരണം പ്രപഞ്ചാതീതനായ സ്രഷ്ടാവ് ഒരേസമയം അവന്റെ ഭൂതകാലവും വർത്തമാനവും ഭാവിയും എല്ലാം കാണാനും മനസ്സിലാക്കാനും കഴിയുന്നവനാണ്. സമയ വ്യത്യാസമില്ലാതെ മനുഷ്യന്റെ ജനനംമുതൽ മരണംവരെയുള്ള സകല കാര്യങ്ങളും അറിയുന്ന സ്രഷ്ടാവ് ആ കാര്യങ്ങളെല്ലാം മൂലഗ്രന്ഥത്തിൽ അഥവാ ‘ലൗഹുൽ മഹ്ഫൂദിൽ’ രേഖപ്പെടുത്തിയിട്ടുണ്ട്. സ്രഷ്ടാവിന്റെ അറിവ് സമയത്തിന് അതീതവും പരിപൂർണമായതും സകല കാര്യങ്ങളെയും ഉൾക്കൊള്ളുന്നതുമാണ് എന്നതുകൊണ്ട് തന്നെ മൂലഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ കാര്യങ്ങളിൽ ഒരു പിഴവും ഉണ്ടാവുകയില്ല.

‘ഫ്രീ വിൽ’ നൽകപ്പെട്ട മനുഷ്യന്റെ കാര്യം മാത്രമല്ല, പ്രപഞ്ചത്തിലെ ഓരോ അണുവിന്റെയും കാര്യങ്ങൾവരെ കൃത്യമായി ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എല്ലാ കാര്യങ്ങളെ കുറിച്ചും പൂർണമായ അറിവുള്ള, പ്രപഞ്ചത്തിന് പുറത്തുള്ള, സമയം ബാധകമല്ലാത്ത, പൂർണമായ കഴിവുകൾക്ക് ഉടമയായ, ഈ പ്രപഞ്ചത്തെയും സകല ചരാചരങ്ങളെയും പടച്ചവന് ഇക്കാര്യം വളരെ വളരെ നിസ്സാരം മാത്രമാണ്.

ശാസ്ത്രീയമായി ഈ കാര്യം ഉൾക്കൊള്ളുവാൻ ശാസ്ത്രബോധമുള്ള ഒരാൾക്ക് ഒരു പ്രയാസവുമില്ല തന്നെ. ശാസ്ത്രീയമായ അറിവുകൾ ഇല്ലാതിരുന്ന പഴയകാലത്ത് ജീവിച്ച ആളുകൾക്ക് സമയത്തിന് അതീതമായ ഇത്തരം കാര്യങ്ങൾ ഉൾക്കൊള്ളാൻ പ്രയാസമായിരിന്നെങ്കിൽ, ശാസ്ത്രീയമായ അറിവുകൾ ഒരുപാട് വികസിച്ച ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ നിരീശ്വരവാദികൾ വിധിവിശ്വാസവുമായി ബന്ധപ്പെട്ട ബാലിശമായ ചോദ്യങ്ങൾ ചോദിക്കുന്നത് അവരുടെ ശാസ്ത്രബോധമില്ലായ്മ മാത്രമാണ് വെളിവാക്കുന്നത്.

സമയം ബാധകമല്ലാത്ത സ്രഷ്ടാവിന് ഒരേസമയം നമ്മുടെ ഭൂതകാലവും വർത്തമാനവും ഭാവിയുമെല്ലാം അറിവുള്ളതുകൊണ്ടും ആ അറിവ് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയതുകൊണ്ടും നമ്മുടെ ജീവിതത്തിൽ നമ്മുടെ തീരുമാനങ്ങൾക്ക് മാറ്റമുണ്ടാകുന്നില്ല. നമ്മൾ എടുക്കുന്ന തീരുമാനങ്ങൾ നമ്മുടെ ഫ്രീ വിൽ അനുസരിച്ചാണ് ഉണ്ടാകുന്നത്. ആ തീരുമാനങ്ങളുടെ ഉത്തരവാദിത്തം നമുക്ക് മാത്രമാണ്. ഭാവിയിലെ നമ്മുടെ തീരുമാനങ്ങളും പ്രവൃത്തികളും എന്തായിരിക്കും എന്ന കൃത്യമായ അറിവ് പടച്ചവന് ഉണ്ട് എന്നതുകൊണ്ട് നമ്മുടെ തീരുമാനങ്ങളുടെ ഉത്തരവാദിത്തം പടച്ചവന് ആകുന്നില്ല. അക്കാര്യം സ്രഷ്ടാവിന്റെ അറിവ് മാത്രമാണ്. നമ്മുടെ പ്രവർത്തനങ്ങൾക്ക് നാം തന്നെയാണ് ഉത്തരവാദികൾ.

നമ്മുടെ ഭാവി എന്താണെന്നും ഗ്രന്ഥത്തിൽ നമ്മെ പറ്റി എന്താണ് രേഖപ്പെടുത്തിയത് എന്നും നമുക്ക് ഒരുതരത്തിലും അറിയാൻ നിർവാഹമില്ലാത്തതുകൊണ്ട് നല്ലത് പ്രവർത്തിക്കുക, സ്വർഗത്തിനായി പരിശ്രമിക്കുക എന്നത് മാത്രമാണ് നമുക്ക് ചെയ്യാനുള്ളത്. ഭൂതകാലത്തിൽ നമ്മുടെ ജീവിതത്തിൽ ഫ്രീ വിൽ ഉപയോഗിച്ച് നാം ചെയ്ത കാര്യങ്ങളെല്ലാം കൃത്യമായി ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്നുള്ളത് വിശ്വസിക്കാൻ പ്രയാസമില്ലെങ്കിൽ സമയത്തിന് അതീതനായ പടച്ചവന് ഭൂതകാലം പോലെ വർത്തമാനവും ഭാവികാലവും ഒരുപോലെ അറിയാനും, ഫ്രീ വിൽ ഉപയോഗപ്പെടുത്തി നാം ഭാവിയിൽ ചെയ്യുന്ന കാര്യങ്ങളും തന്റെ അറിവനുസരിച്ച് രേഖപ്പെടുത്താനും ഒരു പ്രയാസവുമില്ല എന്നതും വിശ്വസനീയമാണ്. ■

# പണം സമ്പാദിക്കുന്ന വിദ്യാർഥികൾ

**സലാം സുറുമ, എടത്തനാട്ടുകര**
**: 9447364751**

സാറേ, ഞാൻ സ്കൂളിൽ വന്നത് ഒരു ടൈം പാസിനാ." ഏഴാം ക്ലാസ്സുകാരന്റെ വായിൽ ഒതുങ്ങാത്ത വാക്കുകൾ കേട്ട് ഞാൻ അന്ധാളിച്ചുപോയി! "ഞാൻ കളിക്കാനാ സ്കൂളിൽ വരുന്നത്. എനിക്ക് പരമാവധി ആസ്വദിക്കണം. അതിനുള്ളതൊക്കെ ഞാൻ ഇപ്പോൾതന്നെ സമ്പാദിക്കുന്നുണ്ട്." അവൻ യാതൊരു കൂസലുമില്ലാതെ പറഞ്ഞു.

വർഷം 2006; പി.എസ്.സി. വഴി അധ്യാപകജോലി ലഭിച്ചിട്ട് രണ്ടു വർഷത്തോടടുക്കുന്നു. വീടിനടുത്തുള്ള ഹൈസ്കൂളിലേക്ക് ട്രാൻസ്ഫർ കിട്ടിയിട്ട് ഏതാനും ദിവസമെ ആയിട്ടുള്ളൂ. ക്ലാസ്സിൽ പോകുന്നതിനുള്ള ടൈം ടേബിൾ കിട്ടിയിട്ടില്ല. ഏതോ ഒരു ടീച്ചർ ലീവ് ആയതുകൊണ്ട് ഏഴാം ക്ലാസ്സിലേക്ക് സ്പെഷ്യൽ ഡ്യൂട്ടി കിട്ടി. ഇംഗ്ലീഷ് ആണ് പഠിപ്പിക്കേണ്ടത്.

പാഠഭാഗം വായിച്ച് വിശദീകരിക്കുന്നതിനിടയിൽ വാക്കുകളുടെ അർഥം പൊതുവായി ചോദിച്ചു. ഏറ്റവും പിന്നിലത്തെ ബെഞ്ചിൽ നിന്നും, വാക്കുകളുമായി യാതൊരു ബന്ധവുമില്ലാത്ത ഉത്തരങ്ങൾ ഉച്ചത്തിൽ ഇടതടവില്ലാതെ പ്രവഹിച്ചപ്പോൾ ഞാൻ ആ ശബ്ദത്തിന്റെ ഉടമയെ കണ്ടെത്തി. തറക്കുന്ന ഒരു നോട്ടത്തിലൂടെ എന്റെ അനിഷ്ടം അവനെ ബോധ്യപ്പെടുത്തി. അവൻ തൽക്കാലം അടങ്ങിയിരുന്നു. ഇടക്കെപ്പോഴോ അവന്റെ ഉച്ചത്തിലുള്ള ശബ്ദം വീണ്ടും മുഴങ്ങിയപ്പോൾ രൂക്ഷമായ നോട്ടം കൊണ്ട് അവനെ വീണ്ടും നിശബ്ദനാക്കിയിരുത്തി.



ക്ലാസ്സ് അവസാനിച്ചു. സ്റ്റാഫ് റൂമിൽ നിന്നും അധ്യാപകർ ശരിയിട്ടുവച്ച നോട്ടുപുസ്തകങ്ങൾ എടുക്കാൻ വന്ന ലീഡറും സഹായിയും അവനെക്കുറിച്ച് ഏകദേശ ചിത്രം എനിക്ക് തന്നു. കൗണ്ടർ കമന്റുകൾ കൊണ്ട് ചില അധ്യാപകരെ അവൻ വെള്ളം കുടിപ്പിക്കാറുണ്ടെന്ന് അവരിൽ നിന്നും അറിഞ്ഞു. അവന്റെ പിതാവ് കുടുംബത്തെ ഉപേക്ഷിച്ചു പോയിട്ട് വർഷങ്ങളായി. മാതാവിന്റെ ഏക മകൻ. സ്കൂൾ വിട്ടാൽ പിന്നെ അങ്ങാടിയിൽ തന്നെയാണ് സമയം പോക്കുന്നത്. മാതാവിന്റെ നിയന്ത്രണത്തിൽ നിന്നും അവൻ എന്നോ സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഏഴാം ക്ലാസ്സുകാരന്റെതിനേക്കാൾ ശാരീരിക വലുപ്പം ഉണ്ടായതുകൊണ്ട് കായികമായ ഏത് ജോലിയും അവന് ചെയ്യാനാകും.

പിറ്റേന്നും ആ ക്ലാസ്സിൽ തന്നെ സ്പെഷ്യൽ ഡ്യൂട്ടി കിട്ടി. പതിവുപോലെ അവൻ കൗണ്ടർ കമന്റ് അടിക്കാൻ ശ്രമിച്ചുവെങ്കിലും ഞാൻ നോട്ടം കൊണ്ട് അവനെ നിയന്ത്രിച്ചു. ക്ലാസ്സ് അവസാനിച്ച് സ്റ്റാഫ് റൂമിലേക്ക് പോകുമ്പോൾ അവനെയും കൂടെ കൂട്ടി. അവൻ എന്നോട് മനസ്സ് തുറന്നു. സ്കൂൾ വിട്ടാൽ അങ്ങാടിയിലെ ഒരു കോഴിക്കടയിൽ ജോലി ചെയ്യുന്നുണ്ട്. കല്യാണ സീസണിൽ മൂന്നിരട്ടിവരെ വരുമാനം ലഭിക്കാറുണ്ട്. സ്കൂളിലെ ഉച്ചഭക്ഷണമൊന്നും അവൻ കഴിക്കാറില്ല. ഹോട്ടലിൽ നിന്നാണ് സ്ഥിരമായി ശാപ്പാട്. വീട്ടു ചെലവിലേക്കായി നിത്യവും ഒരു തുക മാതാവിനെ ഏൽപ്പിക്കുന്നുമുണ്ട്.

"സാറേ, മറ്റുള്ളവരെപ്പോലെ പഠിച്ച് ജോലി കണ്ടെത്തേണ്ട ആവശ്യം എനിക്കില്ല. എന്റെ ജോലി ഇപ്പഴേ കണ്ടെത്തിക്കഴിഞ്ഞു. ആസ്വദിക്കാൻ തന്നെയാണ് സ്കൂളിൽ വരുന്നത്" എന്ന് തന്റെ നിലപാട് അവൻ തുറന്നുപറഞ്ഞു. മറ്റു കുട്ടികളുടെ പഠനത്തിന് ശല്യമാകുന്ന രൂപത്തിലുള്ള അവന്റെ ക്ലാസ്സിലെ പെരുമാറ്റത്തിന്റെ ദോഷം അവനെ പറഞ്ഞ് മനസ്സിലാക്കി. കിട്ടുന്ന കാശ് ധൂർത്തടിക്കാതെ മിച്ചം വെക്കാൻ ശീലിക്കണമെന്നും സ്കൂൾ സഞ്ചയികയിലും മറ്റുമൊക്കെ പണം നിക്ഷേപിക്കണമെന്നും ഉപദേശിച്ചു. നല്ല കുട്ടിയായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കണമെന്നും അങ്ങനെ നല്ല ജോലി നേടിയെടുക്കണമെന്നുമുള്ള ഉപദേശം ഉൾക്കൊണ്ട അവൻ പിന്നീട് എന്റെ ക്ലാസ്സിൽ മര്യാദക്കാരനായിരുന്നു.

പഠന കാലത്ത് പാർട്ട് ടൈം ജോലിയെടുത്ത് അതുകൊണ്ട് പഠനം നടത്തുന്ന നിരവധി വിദ്യാർഥികളുണ്ട്. പണം അധികമായി കൈയിൽ വരുമ്പോൾ അത് എങ്ങനെ ചെലവാക്കണമെന്നറിയാത്തവരും ആ പണംകൊണ്ട് പല ദുശ്ശീലങ്ങളും ആരംഭിക്കുന്നവരുമുണ്ട്. രക്ഷിതാക്കളും അധ്യാപകരും അവർക്ക് കൃത്യമായ ദിശാബോധം നൽകിയില്ലെങ്കിൽ, അവർ മദ്യവും മയക്കുമരുന്നും അടക്കിവാഴുന്ന ഇന്നിന്റെ ചതിക്കുഴികളിൽ പെട്ടുപോകാൻ സാധ്യതയുണ്ടെന്ന് നാം മറന്നുപോകരുത്.



ലേഖനം

"ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്; അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്; അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്; അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ"

# റബീഉൽ അവ്വലും അനാചാരങ്ങളുടെ കുത്തൊഴുക്കും

മൂസ സ്വലാഹി കാര
:97473 45768

ഒരു വിശ്വാസിയുടെ ജീവിതം അല്ലാഹുവിന്റെ കൽപനകളെ ശിരസ്സാവഹിച്ചും നബി(സ്വ)യെ അനുധാവനം ചെയ്തുമാകണമെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന നിർദേശവും സംശയരഹിതമായ കാര്യവുമാണ്. സ്വദേഹത്തെക്കാളും മറ്റു അനുഗ്രഹങ്ങളെക്കാളും ഈ നിർബന്ധ ബാധ്യതയെ ശ്രദ്ധിക്കാൻ വിശ്വാസിക്ക് സാധിക്കണം. അല്ലാഹു പറയുന്നു:

"(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല" (ക്വുർആൻ 4:80).

പ്രമാണങ്ങൾ കൽപിച്ച അനുസരണത്തെ വകവെക്കാതെയും വികലമായ രൂപത്തിൽ സ്നേഹം പ്രകടിപ്പിച്ചും ജീവിക്കുന്നവർ അവിശ്വാസത്തിലോ കപടതയിലോ പുത്തനാചാരങ്ങളിലോ അകപ്പെടുമെന്നത് ക്വുർആനിന്റെ താക്കീതാണ്.

അല്ലാഹു പറയുന്നു: "...അദ്ദേഹത്തിന്റെ കൽപനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ" (24:63).

കാരുണ്യത്തിന്റെ തിരുദൂതരിലൂടെ സമ്പൂർണമാക്കപ്പെട്ട മതത്തിന്റെ

യഥാർഥ വക്താക്കളാകാനും അദ്ദേഹത്തിന്റെ ആത്മാർഥമായി അദ്ദേഹത്തെ പിൻപറ്റി പ്രവർത്തിക്കാനും സന്നദ്ധരാകുന്നവർക്കാണ് സ്വർഗം നേടിയെടുക്കാനാവുക. അവർ ധിക്കാരികളോ, ദേഹേച്ഛകൾക്ക് അടിമപ്പെടുന്നവരോ പ്രവാചകനെ എതിർക്കുന്നവരോ, പുത്തനാചാരങ്ങളെ പുൽകുന്നവരോ ആവുകയില്ല. അല്ലാഹു പറയുന്നു:


“ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽനിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച” (28:50).

നബി(സ്വ)യോടുള്ള സ്നേഹത്തിന്റെ ശരിയായ രൂപം സമൂഹത്തെ പഠിപ്പിക്കുകയും അവിടുന്ന് ജനിച്ചതിനെ അടിസ്ഥാനമാക്കി നടത്തപ്പെടുന്ന ആഘോഷങ്ങൾ നിഷിദ്ധമാണെന്ന് പ്രാമാണികമായി അവരെ തെര്യപ്പെടുത്തുകയും ചെയ്ത അഹ്ലുസ്സുന്ന വൽജമാഅക്കും അതിന്റെ പണ്ഡിതന്മാർക്കും നേരെ അധിക്ഷേപങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്.

വ്യാജവേഷം കെട്ടിയാടുന്ന ശിയാക്കൾ, സ്വൂഫികൾ, ബറേൽവികൾ, ദയൂബന്ദികൾ, ഇവർക്ക് ഒത്താശയൊരുക്കുന്ന ലോകത്തുടനീളമുള്ള മതവാണിഭക്കാർ എന്നിവരാണ് ഇതിന് നേതൃത്വം നൽകുന്നത്. പരലോകത്ത് വരാനുള്ള വിലാപത്തെ ഓർക്കാതെയുള്ള ഈ ഓട്ടം വലിയ നഷ്ടത്തിലേക്കാണ് നയിക്കുക. അല്ലാഹു പറയുന്നു:

“അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കൻമാരെയും പ്രമുഖൻമാരെയും അനുസരിക്കുകയും, അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻ ശാപം ഏൽപി

**കാരുണ്യത്തിന്റെ തിരുദൂതരിലൂടെ സമ്പൂർണമാക്കപ്പെട്ട മതത്തിന്റെ യഥാർഥ വക്താക്കളാകാനും അദ്ദേഹത്തിന്റെ ആത്മാർഥമായി അദ്ദേഹത്തെ പിൻപറ്റി പ്രവർത്തിക്കാനും സന്നദ്ധരാകുന്നവർക്കാണ് സ്വർഗം നേടിയെടുക്കാനാവുക. അവർ ധിക്കാരികളോ, ദേഹേച്ഛകൾക്ക് അടിമപ്പെടുന്നവരോ പ്രവാചകനെ എതിർക്കുന്നവരോ, പുത്തനാചാരങ്ങളെ പുൽകുന്നവരോ ആവുകയില്ല. അല്ലാഹു പറയുന്നു: “ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽനിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച'' (28:50).**





ക്കുകയും ചെയ്യണമേ (എന്നും അവർ പറയും)” (33:66-68)

അനാചാരങ്ങളെ വെളുപ്പിക്കാൻ തത്രപ്പെടുന്നതിനിടയിൽ നബിചര്യയെ അനുധാവനം ചെയ്യുന്നതിനെ വരെ സമസ്തയുടെ മുസ്‌ലിയാക്കന്മാർ നിസ്സാരവത്ക്കരിക്കുന്നത് കാണുക: “അതുകൊണ്ടുതന്നെ അനുധാവനത്തെക്കാൾ ഒരുപടി മുന്നിൽ നബി(സ്വ)യെ കാണണമെന്ന ആഗ്രഹം ഖൽബിൽ നിറച്ചു ജീവിക്കുന്നവനായിരിക്കും നബിസ്നേഹി. തിരുസ്നേഹത്തെ അനുധാവനത്തിൽ മാത്രം ഒതുക്കി അവതരിപ്പിക്കൽ സ്നേഹത്തിന്റെ അർത്ഥതലങ്ങളെ യഥാവിധി ഉൾക്കൊള്ളാത്തവരുടെയും മനസ്സിലാക്കിയിട്ടില്ലാത്തവരുടെയും പൊള്ളവാദമാണ്. സ്നേഹത്തിന്റെ ആഴവും പരപ്പുമനുസരിച്ച് അതിന്റെ പ്രയോഗ രീതികളും നിലപാടുകളും പ്രകടമാവുക എന്നത് സ്വാഭാവികമാണ്” (സുന്നിവോയ്സ്/ 2022 സെപ്തംബർ 16-30/പേജ് 40,41).

ഈ വരികളിൽ നബി(സ്വ)യെ സത്യസന്ധമായി അനുസരിച്ച് സ്നേഹിക്കണമെന്ന സന്ദേശമല്ല, മറിച്ച് ജന്മദിനാഘോഷത്തിൽ വ്യാപൃതരായിക്കൊണ്ട് ശിർക്കും ബിദ്അത്തും കലർന്ന സ്നേഹം പുറത്ത് കാണിക്കണമെന്നതാണ് പ്രകടമാകുന്നത്. റബീഉൽ അവ്വലിൽ ചൊല്ലപ്പെടുന്ന മൻഖൂസ് മൗലിദ്, അശ്റഖ്വ ബൈത്ത്,

**അനാചാരങ്ങളെ വെളുപ്പിക്കാൻ തത്രപ്പെടുന്നതിനിടയിൽ നബിചര്യയെ അനുധാവനം ചെയ്യുന്നതിനെ വരെ സമസ്തയുടെ മുസ്‌ലിയാക്കന്മാർ നിസ്സാരവത്ക്കരിക്കുന്നത് കാണുക: “അതുകൊണ്ടുതന്നെ അനുധാവനത്തെക്കാൾ ഒരുപടി മുന്നിൽ നബി(സ്വ)യെ കാണണമെന്ന ആഗ്രഹം ഖൽബിൽ നിറച്ചു ജീവിക്കുന്നവനായിരിക്കും നബിസ്നേഹി. തിരുസ്നേഹത്തെ അനുധാവനത്തിൽ മാത്രം ഒതുക്കി അവതരിപ്പിക്കൽ സ്നേഹത്തിന്റെ അർത്ഥതലങ്ങളെ യഥാവിധി ഉൾക്കൊള്ളാത്തവരുടെയും മനസ്സിലാക്കിയിട്ടില്ലാത്തവരുടെയും പൊള്ളവാദമാണ്. സ്നേഹത്തിന്റെ ആഴവും പരപ്പുമനുസരിച്ച് അതിന്റെ പ്രയോഗ രീതികളും നിലപാടുകളും പ്രകടമാവുക എന്നത് സ്വാഭാവികമാണ്”**

യാ അക്റമ ബൈത്ത്, സലാം ബൈത്ത് എന്നിവയെല്ലാം ഇതിന് മതിയായ തെളിവുകളാണ്. അല്ലാഹുവിന്റെ ഇഷ്ടവും പാപമോചനവും കൊതിക്കുന്നവർക്കേ യഥാർത്ഥ പ്രവാചക സ്നേഹികളാകാൻ കഴിയൂ.

അല്ലാഹു പറയുന്നു: “(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ” (3:31).

പ്രവാചകസ്നേഹത്തിന്റെ മറവിൽ ആത്മീയചൂഷകർ ഐക്യപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന അനാചാരങ്ങൾക്ക് കൈയും കണക്കുമില്ല. ഇഷ്ഖ്, സ്നേഹം, അനുരാഗം, പ്രകീർത്തനം, പ്രശംസകൾ, അനുസ്മരണം എന്നീ പദങ്ങൾ ഉപയോഗിച്ച് നബി(സ്വ)യുടെ ‘മരണം നടന്ന’ റബീഉൽ അവ്വൽ പന്ത്രണ്ടിന് പ്രത്യേകമായും ആ മാസത്തിലെ മറ്റു ദിവസങ്ങളിലും ഘോഷയാത്രകളും മതവിരുദ്ധ മുദ്രാവാക്യങ്ങളും നടത്തിയും കൊടിതോരണങ്ങൾ സ്ഥാപിച്ചും

ആരാധനാലയങ്ങളെ അമിതമായി അലങ്കരിച്ചും പലഹാരങ്ങൾ വിതരണം ചെയ്തുമൊക്കെയായി ഇവർ നബി(സ്വ)യുടെ 'ജന്മദിനം' കൊണ്ടാടുകയാണ്. ഇത് മതാചാരമാകുമോ? പ്രമാണങ്ങളിൽ ഇതിന് വല്ല സൂചനയുമുണ്ടോ? പൂർവികരിൽ ഇതിന് മാതൃകയുണ്ടോ? ഇത്തരം ചോദ്യങ്ങൾക്ക് ഒരു പരിഗണനയും പൗരോഹിത്യം നൽകാറില്ല. അല്ലാഹുവിന്റെ താക്കീത് തന്നെയാണ് ഇവർക്കുള്ള മറുപടി.

അല്ലാഹു പറയുന്നു: "അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്" (42:21).

ആഇശ(റ)യിൽനിന്ന്; നബി(സ്വ) പറഞ്ഞു: "നാം പ്രവർത്തിക്കാത്ത ഒരു കാര്യം നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്‌ലിം).

ഇമാം ബർബഹാരി(റഹി) പറയുന്നു: "ചെറിയ രൂപത്തിലുള്ള പുത്തനാചാരങ്ങളിൽനിന്ന് ജാഗ്രത കൈക്കൊള്ളണം. കാരണം ചെറിയ ബിദ്അത്തുകൾ വളർന്ന് വലുതായിത്തീരുമെന്നത് തീർച്ചയാണ്. ഈ സമൂഹത്തിൽ ഉടലെടുത്ത എല്ലാ ബിദ്അത്തുകളും തുടക്കത്തിൽ ശരിയോട് സാദൃശ്യപ്പെടുന്ന നിലയ്ക്കായിരുന്നു. അതിനാൽ അവയിൽ പ്രവേശിച്ചവൻ പിന്നീട് അതിൽനിന്ന് പുറത്തുകടക്കാനാകാത്ത വിധം വഞ്ചിക്കപ്പെടുകയും. അതൊരു മതാചാരമായി വലുതാവുകയും ചെയ്തു" (ശറഹുസ്സുന്ന).

സ്വലാത്ത്, സ്വദഖ, ദിക്ർ മജ്‌ലിസ്, നബിചരിത്ര സദസ്സ്, വിശുദ്ധ ക്വുർആൻ പാരായണം, അന്നദാനം, മദ്ഹ് പാടൽ ഇങ്ങനെ നല്ല കാര്യങ്ങളാണ് ആഘോഷത്തിന്റെ ഭാഗമായി നടത്തപ്പെടുന്നതെന്ന് പുരോഹിതന്മാർ ജൽപിക്കാറുണ്ട്. അത്യാചാരങ്ങൾക്ക് മതവുമായി ബന്ധമുണ്ടെന്ന് വരുത്തിത്തീർക്കാനും ബിദ്അത്തിനെ സ്ഥാപിക്കാനും നബിചര്യയിൽവന്ന ചില പ്രയോഗങ്ങളുടെ തണൽ അവർക്ക് അനിവാര്യമാണ്. സത്യത്തെ മറച്ചുവെച്ച് നിഷിദ്ധങ്ങളെ പ്രകടമാക്കുന്ന ഈ സ്വഭാവം അതീവ ഗുരുതരമാണ്. അല്ലാഹു പറയുന്നു:

"നിങ്ങൾ സത്യത്തെ അസത്യവുമായി കൂട്ടിക്കുഴക്കരുത്. അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യരുത്" (2:42).

ഇബ്‌നു തൈമിയ്യ(റഹി) പറയുന്നു: "ബിദ്അത്ത് പൂർണമായും സുന്നത്തിനോട് യോജിക്കുന്നതാവുകയില്ല. അപ്രകാമാണെങ്കിൽ അത് നിരർഥമാവുകയില്ല. അതുപോലെതന്നെ പൂർണമായും വ്യർഥമല്ല; അങ്ങനെയെങ്കിൽ ജനങ്ങളുടെമേൽ ബിദ്അത്തിനെ ഭയപ്പെടേണ്ടിവരില്ല. പക്ഷേ, ശരിയും തെറ്റും കലർന്ന രൂപമായിരിക്കുമതിന്. അപ്പോൾ ബിദ്അത്തുകാരൻ ന്യായവും അന്യായവും കൂടിക്കലർന്ന അവസ്ഥയിലാകും. ഒന്നുകിൽ കടുത്ത തെറ്റിലാകും, അല്ലെങ്കിൽ കപടതയോ, നിഷേധമോ അവലംബിക്കും" (ദർഉ തആറുളിൽ അക്ല്‌ലി വന്നക്ല്‌ലി).

നബിദിനാഘോഷത്തെ തുല്യതയില്ലാത്ത ഒരാഘോഷമായി സമസ്തക്കാർ പഠിപ്പിക്കുന്നത് നോക്കൂ: "മുഹമ്മദ് നബി(സ്വ)യുടെ ജനനം വഴി അനുഗൃഹീതമായ റബീഉൽ അവ്വൽ മാസം പന്ത്രണ്ട് ലോക മുസ്‌ലിംകളുടെ തുല്യതയില്ലാത്ത ആഘോഷ ദിനമാണ്" (ഇസ്‌ലാമിലെ വിവിധ ആഘോഷങ്ങൾ/ റിയാസ് ഫൈസി വെള്ളില/ പേജ് 15).

ഹിജ്റ മുന്നൂറ്റി ഇരുപതുകൾക്ക് ശേഷം ശിയാക്കളിലെ ഫാത്വിമിയാക്കൾ തുടങ്ങിയ മീലാദാഘോഷം എങ്ങനെയാണ് ഈ പദവിയിലെത്തുക? വിവരമില്ലാത്തവർ ചെയ്യുന്ന ഈ അനാചാരത്തെ ഇസ്‌ലാമിന്റെതാക്കി അവതരിപ്പിക്കുന്നതിന്റെ അപകടം എത്ര വലുതാണ്!

മതം കൽപിച്ച ആഘോഷങ്ങളെ വിലകുറച്ച് കാണുന്ന ഇത്തരം സ്വഭാവക്കാർക്ക് അല്ലാഹുവിന്റെ കൽപനയെ ഉൾക്കൊള്ളാനാകുമോ? അല്ലാഹു പറയു

**പ്രവാചകസ്നേഹത്തിന്റെ മറവിൽ ആത്മീയചൂഷകർ ഐക്യപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന അനാചാരങ്ങൾക്ക് കൈയും കണക്കുമില്ല. ഇഷ്ഖ്, സ്നേഹം, അനുരാഗം, പ്രകീർത്തനം, പ്രശംസകൾ, അനുസ്മരണം എന്നീ പദങ്ങൾ ഉപയോഗിച്ച് നബി(സ്വ)യുടെ 'മരണം നടന്ന' റബീഉൽ അവ്വൽ പന്ത്രണ്ടിന് പ്രത്യേകമായും ആ മാസത്തിലെ മറ്റു ദിവസങ്ങളിലും ഘോഷയാത്രകളും മതവിരുദ്ധ മുദ്രാവാക്യങ്ങളും നടത്തിയും കൊടിതോരണങ്ങൾ സ്ഥാപിച്ചും ആരാധനാലയങ്ങളെ അമിതമായി അലങ്കരിച്ചും പലഹാരങ്ങൾ വിതരണം ചെയ്തുമൊക്കെയായി ഇവർ നബി(സ്വ)യുടെ 'ജന്മദിനം' കൊണ്ടാടുകയാണ്. ഇത് മതാചാരമാകുമോ? പ്രമാണങ്ങളിൽ ഇതിന് വല്ല സൂചനയുമുണ്ടോ? പൂർവികരിൽ ഇതിന് മാതൃകയുണ്ടോ? ഇത്തരം ചോദ്യങ്ങൾക്ക് ഒരു പരിഗണനയും പൗരോഹിത്യം നൽകാറില്ല. അല്ലാഹുവിന്റെ താക്കീത് തന്നെയാണ് ഇവർക്കുള്ള മറുപടി.**



ന്നു: "നബിയേ, പിന്നീട് നിന്നെ നാം (മത) കാര്യത്തിൽ ഒരു തെളിഞ്ഞ മാർഗത്തിലാക്കിയിരിക്കുന്നു. ആകയാൽ നീ അതിനെ പിന്തുടരുക. അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്" (45:18).

റബീഉൽ അവ്വൽ മാസം പന്ത്രണ്ടിന് നബി(സ്വ) ജനിച്ചു എന്നതാണ് പ്രചാരത്തിലുള്ളതെങ്കിലും ഏറ്റവും പ്രബലമായ അഭിപ്രായം ഈ മാസം ഒമ്പതിന് എന്നതാണ്. എന്നാൽ പ്രവാചകൻ(സ്വ) വഫാത്തായത് ഇതേ മാസം പന്ത്രണ്ടിനാണ് എന്നത് വ്യക്തവുമാണ്. വഹ്‌യ് നിലയ്ക്കുകയും സ്വഹാബത്ത് ഒന്നടങ്കം കരയുകയും ചരിത്രത്തിൽ തുല്യതയില്ലാത്ത വൈകാരികത തളംകെട്ടി നിൽക്കുകയും ചെയ്ത ആ ദിനം കടന്നുവരുമ്പോൾ യഥാർഥ പ്രവാചകസ്നേഹമുള്ളവർക്ക് എങ്ങനെയാണ് ആടിപ്പാടി ആഹ്ലാദിക്കാൻ കഴിയുക?

ഇതര മതസമൂഹങ്ങളോട് കിടമത്സരം നടത്താനും അവരുടെ ആരാധനസമ്പ്രദായങ്ങളെഅനുകരിക്കാനുമുള്ള അവസരമായിട്ടാണ് മുസ്‌ലിയാക്കന്മാർ ഈ മാസത്തെ സ്വീകരിക്കുന്നത്. മീലാദാഘോഷത്തിന് അവർ കണ്ടെത്തിയ ദുർന്യായങ്ങൾ വായിക്കുമ്പോൾ അത് വ്യക്തമാകും.

"ചില മതങ്ങൾ മതസ്ഥാപകരുടെയും മറ്റും ജന്മദിനം ആഘോഷിച്ചുവരുന്നു. ബുദ്ധമത വിശ്വാസികൾ ബുദ്ധന്റെ ജന്മദിനം ഒരു പ്രധാന ആഘോഷമായി കാണുന്നു. ക്രിസ്തുവിന്റെ ജന്മദിനം ക്രിസ്തുമസ്സും ലോകം മുഴുവൻ കൊണ്ടാടപ്പെടുന്നു. ഗുരുനാനാക്ക് ജനിച്ച ദിവസം സിഖുക്കാരും ആഘോഷിക്കുന്നു. മുസ്‌ലിംങ്ങൾ പ്രവാചകൻ(സ്വ)യുടെ ജന്മദിനം ലോകമെങ്ങും സമുചിതമായി ആഘോഷിക്കുന്നു'' (സന്തുഷ്ട കുടുംബം മാസിക /2014 ജനുവരി/പേജ് 41).

**"അമുസ്‌ലിംകൾ ക്രിസ്മസും ശ്രീകൃഷ്ണ ജയന്തിയും കൊണ്ടാടുന്നു, മുസ്‌ലിംകൾ നബിദിനം കൊണ്ടാടുന്നു. അപ്പോൾ അവരോട് തുല്യമായില്ലെ? മതപരമായ വിഷയമാണെങ്കിൽ അവർ വിഷു, ഈസ്റ്റർ തുടങ്ങിയവ ആഘോഷിക്കുന്നു. മുസ്‌ലിംങ്ങൾ ചെറിയ പെരുന്നാളും ബലിപെരുന്നാളും ആഘോഷിക്കുന്നു. ഇതരമതസ്ഥർക്കുണ്ടെന്ന പേരിൽ ഒഴിവാക്കുകയാണെങ്കിൽ ആദ്യം ഒഴിവാക്കേണ്ടത് പെരുന്നാൾ ആഘോഷമാണ്'' (അഹ്‌ലുസ്സുന്ന ആദർശത്തിന്റെ തായ്‌വേരുകൾ/അഫ്‌സൽ സഖാഫി ചെറുമോത്ത്/പേജ് 109). അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ട് സാമാന്യബോധം നഷ്ടപ്പെട്ടവർക്കേ ഇങ്ങനെ വിശ്വസിക്കാനും സ്വയം പരിഹാസ്യരാകാനും കഴിയൂ. നേർമാർഗം വ്യക്തമായിട്ടും ഇക്കൂട്ടരെ സുഖിപ്പിക്കാൻ അതിനെ അവഗണിക്കുന്നവർ അല്ലാഹുവിന്റെ കൽപനകൾക്ക് വിലകൊടുക്കുമോ?**

മറ്റൊരു മുസ്‌ലിയാർ നൽകിയ രസകരമായ മറുപടി കാണുക: "അമുസ്‌ലിംകൾ ക്രിസ്മസും ശ്രീകൃഷ്ണ ജയന്തിയും കൊണ്ടാടുന്നു, മുസ്‌ലിംകൾ നബിദിനം കൊണ്ടാടുന്നു. അപ്പോൾ അവരോട് തുല്യമായില്ലെ? മതപരമായ വിഷയമാണെങ്കിൽ അവർ വിഷു, ഈസ്റ്റർ തുടങ്ങിയവ ആഘോഷിക്കുന്നു. മുസ്‌ലിംങ്ങൾ ചെറിയ പെരുന്നാളും ബലിപെരുന്നാളും ആഘോഷിക്കുന്നു. ഇതരമതസ്ഥർക്കുണ്ടെന്ന പേരിൽ ഒഴിവാക്കുകയാണെങ്കിൽ ആദ്യം ഒഴിവാക്കേണ്ടത് പെരുന്നാൾ ആഘോഷമാണ്" (അഹ്‌ലുസ്സുന്ന ആദർശത്തിന്റെ തായ്‌വേരുകൾ/അഫ്‌സൽ സഖാഫി ചെറുമോത്ത്/പേജ് 109).

അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ട് സാമാന്യബോധം നഷ്ടപ്പെട്ടവർക്കേ ഇങ്ങനെ വിശ്വസിക്കാനും സ്വയം പരിഹാസ്യരാകാനും കഴിയൂ. നേർമാർഗം വ്യക്തമായിട്ടും ഇക്കൂട്ടരെ സുഖിപ്പിക്കാൻ അതിനെ അവഗണിക്കുന്നവർ അല്ലാഹുവിന്റെ കൽപനകൾക്ക് വിലകൊടുക്കുമോ? അല്ലാഹു പറയുന്നു:

"യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ

മാർഗം പിൻപറ്റുന്നതുവരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്ക് അറിവ് വന്നുകിട്ടിയതിനുശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽനിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല" (2:120).

"നിങ്ങൾ സത്യത്തെ അസത്യവുമായി കൂട്ടിക്കുഴക്കരുത്. അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യരുത്" (2:42). ഇമാം ഖതാദ(റഹി) പറഞ്ഞു: "നിങ്ങൾ ജൂതായിസവും ക്രൈസ്തവതയും ഇസ്‌ലാമുമായി കൂട്ടികക്കലർത്തരുത്. തീർച്ചയായും അല്ലാഹുവിന്റെ മതമെന്നത് ഇസ്‌ലാമാകുന്നു. ജൂതായിസവും ക്രൈസ്തവതയും പുത്തനാശയമാണ്, അവ അല്ലാഹുവിങ്കൽനിന്നുള്ളതല്ല" (ഇബ്നു കസീർ).

ഇബ്നു തൈമിയ്യ(റഹി) പറഞ്ഞത് ഇതിനോട് ചേർത്തു വായിക്കാം: "ക്രൈസ്തവർ അവരുടെ മതത്തോട് യോജിക്കുന്നതും സാദൃശ്യമുള്ളതുമായ കാര്യങ്ങൾ മുസ്‌ലിംകളിൽനിന്നുള്ള അറിവില്ലാത്തവരും പുത്തനാശയക്കാരും ചെയ്യുന്നത് കാണുമ്പോൾ അത്യധികം സന്തോഷിക്കുന്നു. അത്തരം പ്രവർത്തനങ്ങൾ ശക്തിപ്രാപിക്കുവാനും വർധിക്കുവാനും അവർ ആഗ്രഹിക്കുന്നു. അവരുടെ പുരോഹിതന്മാർ മുസ്‌ലിംകളിലെ ആരാധിക്കുന്നവരെപ്പോലെ ആകാനും അവരുടെ ബിഷപ്പുമാർ മുസ്‌ലിം പണ്ഡിതന്മാരെപോലെ ആകാനും മുസ്‌ലിംകളോട് തുല്യരാകാനുമാണ് അവർ ഇഷ്ടപ്പെടുന്നത്" (മജ്മൂഉൽ ഫതാവ).

ലോകത്തെല്ലായിടത്തും ഈ ആഘോഷമുണ്ടല്ലോ, പിന്നെന്തിന് എതിർക്കപ്പെടണം? ഇതാണ് ഇവരുടെ മറുചോദ്യം. അവർതന്നെ എഴുതിയത് കാണുക: "ലോകത്തെ വിവിധ രാഷ്ട്രങ്ങളിൽ നടത്തപ്പെടുന്ന ഈ പുണ്യദിനത്തിന്റെ ദിനരാത്രങ്ങളിൽ ഇസ്‌ലാമിക കലാപ്രകടനങ്ങൾ, റാലികൾ, കീർത്തന സദസ്സുകൾ, മധുരപലഹാര വിതരണം, ഭക്ഷണ വിഭവ വിതരണങ്ങൾ തുടങ്ങിയവയിലൂടെ സത്യവിശ്വാസിയുടെ മനോ മുകുരങ്ങളിൽ ആഹ്ലാദത്തിന്റെ തിരമാലകൾ അലയടിക്കുന്നു" (ഇസ്‌ലാമിലെ വിവിധ ആഘോഷങ്ങൾ/പേജ് 15).

ശിയായിസത്തിന്റെയും സ്വൂഫിസത്തിന്റെയും വ്യാപനം അധികമായ നാടുകളിൽ അവർ ഉണ്ടാക്കിയ അന്ധവിശ്വാസങ്ങളെല്ലാം കാണുമെന്നതിൽ സംശയമില്ലല്ലോ. ഒരു കാര്യം മതപരമാകുന്നത് അത് ചെയ്യുന്നവരുടെ ആധിക്യം കൊണ്ടല്ല; പ്രമാണങ്ങളുടെ പിൻബലം കൊണ്ടാണ്.

നബി(സ്വ)യോടുള്ള വിശുദ്ധ ക്വുർആനിന്റെ കൽപന കാണുക: "ഭൂമിയിലുള്ളവരിൽ അധികപേരെയും നീ അനുസരിക്കുന്ന പക്ഷം അല്ലാഹുവിന്റെ മാർഗത്തിൽനിന്നും നിന്നെ അവർ തെറ്റിച്ചുകളയുന്നതാണ്. ഊഹത്തെ മാത്രമാണ് അവർ പിന്തുടരുന്നത്. അവർ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്" (6:116).

ഇബ്നു ഉമർ(റ)പറഞ്ഞു: "എല്ലാ പുത്തനാചാരവും വഴികേടാണ്. ജനങ്ങൾ അതിനെ നല്ലതായി കണ്ടാലും" (ബൈഹക്വി).

പുരോഹിതന്മാർ കണ്ടെത്തിയ ഈ 'ഭൂരിപക്ഷവാദത്തെ' അംഗീകരിച്ചാൽ മറ്റു പലതിനും പിന്തുണ നൽകേണ്ടിവരും. വ്യത്യസ്ത ദുഃസ്വഭാവങ്ങളെ ചൂണ്ടിക്കാട്ടി, അവയുടെ പിറകെയാണ് ജനങ്ങളിൽ അധികപേരും സഞ്ചരിക്കുക എന്ന് ക്വുർആൻ പല സ്ഥലങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. ജനാധിക്യമുള്ള ആ തിന്മകളെ നന്മകളായി കാണണമെന്ന് ഇക്കൂട്ടർ പ്രഖ്യാപിക്കുമോ? പ്രമാണങ്ങളെ അവഗണിക്കുന്ന, പടച്ചവൻ നൽകിയ ബുദ്ധിയെ ഉപയോഗപ്പെടുത്താത്ത ആളുകൾ ഈ ക്വുർആൻ വചനം ശ്രദ്ധിക്കുക:

"ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്; അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്; അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്; അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ" (7:179).

**ലോകത്തെല്ലായിടത്തും ഈ ആഘോഷമുണ്ടല്ലോ, പിന്നെന്തിന് എതിർക്കപ്പെടണം? ഇതാണ് ഇവരുടെ മറുചോദ്യം. അവർതന്നെ എഴുതിയത് കാണുക: "ലോകത്തെ വിവിധ രാഷ്ട്രങ്ങളിൽ നടത്തപ്പെടുന്ന ഈ പുണ്യദിനത്തിന്റെ ദിനരാത്രങ്ങളിൽ ഇസ്‌ലാമിക കലാപ്രകടനങ്ങൾ, റാലികൾ, കീർത്തന സദസ്സുകൾ, മധുരപലഹാര വിതരണം, ഭക്ഷണ വിഭവ വിതരണങ്ങൾ തുടങ്ങിയവയിലൂടെ സത്യവിശ്വാസിയുടെ മനോ മുകുരങ്ങളിൽ ആഹ്ലാദത്തിന്റെ തിരമാലകൾ അലയടിക്കുന്നു" (ഇസ്‌ലാമിലെ വിവിധ ആഘോഷങ്ങൾ/പേജ് 15). ശിയായിസത്തിന്റെയും സ്വൂഫിസത്തിന്റെയും വ്യാപനം അധികമായ നാടുകളിൽ അവർ ഉണ്ടാക്കിയ അന്ധവിശ്വാസങ്ങളെല്ലാം കാണുമെന്നതിൽ സംശയമില്ലല്ലോ. ഒരു കാര്യം മതപരമാകുന്നത് അത് ചെയ്യുന്നവരുടെ ആധിക്യം കൊണ്ടല്ല; പ്രമാണങ്ങളുടെ പിൻബലം കൊണ്ടാണ്.**




# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

> **പ്രധാനമന്ത്രിക്കെതിരെ രാജ്യാന്തരബന്ധങ്ങൾ, ബാഹ്യവും ആഭ്യന്തരവുമായ സുരക്ഷ, പൊതുസമാധാനക്രമം, ആണവോർജം, ബഹിരാകാശം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളെക്കുറിച്ച് ലോക്പാൽ അന്വേഷണം നടത്തുന്നതല്ല. ലോക്പാലിന്റെ മുന്നിൽ രണ്ടു ഭൂരിപക്ഷത്തിന്റെ തീരുമാനപ്രകാരം മാത്രമെ പ്രധാനമന്ത്രിക്കെതിരെ പ്രാഥമികാന്വേഷണം ഉണ്ടാവുകയുള്ളു. അന്വേഷണനടപടിഉാകട്ടെ രഹസ്യവുമായിരിക്കും. ലോക്പാൽ അന്വേഷിക്കുന്ന പരാതികളിൽ അഴിമതിനിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾ തെളിയുന്നതായാൽ, കുറ്റക്കാർക്കെതിരെ പ്രത്യേക കോടതിയിൽ (special court) ലോക്പാൽ കേസ് ഫയൽ ചെയ്യും. കേന്ദ്രഗവണ്മെന്റ് ലോക്പാലിന്റെ ശുപാർശ പ്രകാരമായിരിക്കും ഇത്തരം പ്രത്യേക കോടതികൾ സ്ഥാപിക്കുക.**

### ലോക് അദാലത്ത്

നീതിന്യായത്തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് നിയമസേവനാധികാരസമിതി നിയമപ്രകാരം വിവിധതലങ്ങളിൽ ഏർപ്പെടുത്തുന്ന സമിതിയാണ് ലോക് അദാലത്ത് (Lok Adalat). കോടതിയിൽ നിലവിലുള്ളതും കോടതിയിൽ എത്താവുന്നതുമായ കേസുകളും, രാജിയാകാവുന്ന ക്രിമിനൽ കേസുകളും, ലോക് അദാലത്തിന്റെ അധികാരപരിധിയിൽ വരും. സർവീസിലുള്ളതോ റിട്ടയർ ചെയ്തതോ ആയ അതതു തലത്തിലെ ഒരു ന്യായാധിപനും ഒരു വനിതയടക്കം പന്ത്രണ്ടിൽ കവിയാതെയുള്ള സാമൂഹ്യപ്രവർത്തകരും അടങ്ങുന്നതായിരിക്കും ലോക് അദാലത്ത്. കക്ഷികളെയും സാക്ഷികളെയും വിളിച്ചുവരുത്തുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും ലോക് അദാലത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. ലോക് അദാലത്തിന്റെ തീർപ്പ് കോടതി മുഖേന നടപ്പിലാക്കാം. ഈ തീർപ്പിന്മേൽ അപ്പീലില്ല.

### ലോകായുക്ത

ലോകായുക്ത (Lokayukta) പൊതുപ്രവർത്തകർക്കും ഗവൺമെൻറ് ഉദ്യോഗസ്ഥർക്കും മറ്റുമെതിരായ അഴിമതികളിന്മേൽ അന്വേഷണം നടത്തി കേസെടുത്ത് വിചാരണ ചെയ്യുന്നതിനും, കുറ്റക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ശുപാർശകൾ ബന്ധപ്പെട്ട അധി

കൃതർക്ക് നൽകുന്നതിനും അധികാരമുള്ളതായ ഒരു സംസ്ഥാന തല നീതിന്യായ സംവിധാനമാണ്. കേരള ലോകായുക്തനിയമം (1998 ലേത്) പ്രകാരമാണ്, ഒരു ലോകായുക്തയും (അധ്യക്ഷൻ), രണ്ട് ഉപ ലോകായുക്തകളും (അംഗങ്ങൾ) അടങ്ങുന്ന സമിതിയോടുകൂടിയ ഈ സംവിധാനം സംസ്ഥാനത്ത് നിലവിൽവന്നത്. ഒരു റിട്ട. ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയിരിക്കും ലോകായുക്ത. ഉപലോകായുക്തകൾ സർവീസിലുള്ളവരോ, റിട്ടയർ ചെയ്തവരോ ആയ ഹൈക്കോടതി ജഡ്ജിമാരുമായിരിക്കുന്നതാണ്. നിയമസഭാ സ്പീക്കർ, പ്രതിപക്ഷനേതാവ് എന്നിവരുമായി കൂടിയാലോചിച്ചശേഷം മുഖ്യമന്ത്രി നിർദേശിക്കുന്നവരെയാണ് ഗവർണർ ലോകായുക്ത സമിതിയിൽ നിയമിക്കുക. ഇവരുടെ ഉദ്യോഗ കാലാവധി അഞ്ചുവർഷമായിരിക്കും. മുഖ്യമന്ത്രി, മന്ത്രിമാർ, നിയമസഭാംഗങ്ങൾ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ, കോർപ്പറേഷനുകൾ, സഹകരണസ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, സർവകലാശാലകൾ എന്നിവയുടെ ഭാരവാഹികൾ, രാഷ്ട്രീയനേതാക്കൾ മുതലായവർ ലോകായുക്ത സമിതിയുടെ അധികാരപരിധിയിൽ വരുന്നതാണ്. ലോകായുക്തയ്ക്കും ഉപലോകായുക്തയ്ക്കും കോടതിയലക്ഷ്യക്കുറ്റത്തിന് ശിക്ഷിക്കാനുള്ള അധികാരമുണ്ട്. ഈ സംവിധാനം സിംഗിൾ ബെഞ്ച് ആയും, ഡിവിഷൻ ബെഞ്ച് ആയും, ഫുൾ ബെഞ്ച് ആയും പ്രവർത്തിക്കും. ലോകായുക്ത ഉത്തരവിനെതിരെ ഭരണഘടന 226ാം വകുപ്പുപ്രകാരം റിട്ട് അടക്കമുള്ള ഉചിതമായ ഏതെങ്കിലും ഉത്തരവിനായി ഹൈക്കോടതിയ സമീപിക്കാവുന്നതാണ്.


**ലോക്പാൽ**

ലോക്പാൽ (Lokpal) പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, എം.പിമാർ, കേന്ദ്ര ഗവണ്മെന്റ് ഉദ്യോഗസ്ഥർ തുടങ്ങിയ എല്ലാവിഭാഗം പൊതുജനസേവകർക്കും എതിരായുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുന്നതിന് രാജ്യത്ത് 2014 ജനുവരി ഒന്നിനു നിലവിൽവന്നിട്ടുള്ള ലോക്പാൽ നിയമപ്രകാരം രൂപവത്കരിക്കുന്നതായ ഒരു കേന്ദ്രതല സംവിധാനമാണ്. മേൽപറഞ്ഞവർക്കു പുറമെ ഗവൺമെന്റ് സഹായം ലഭിക്കുന്ന പ്രസ്ഥാനങ്ങളും, വിദേശ സംഭാവന നിയന്ത്രണനിയമം (Foreign Contribution Regulation Act - FCRA) പ്രകാരം പ്രതിവർഷം പത്തുലക്ഷം രൂപയിലധികം സംഭാവന സ്വീകരിക്കുന്ന സ്ഥാപനങ്ങളും ലോക്പാലിന്റെ അധികാരപരിധിയിൽ വരുന്നതാണ്. മതധർമസ്ഥാപനങ്ങൾ ഈ പരിധിയിൽ വരുന്നതല്ല. ചെയർപേഴ്സണും പരമാവധി എട്ട് അംഗങ്ങളും അടങ്ങുന്ന സമിതിയാണ് ലോക്പാൽ. സമിതിയംഗങ്ങളിൽ പകുതിപ്പേർ ജുഡീഷ്യൽ അംഗങ്ങളും, പകുതിപ്പേർ പട്ടികജാതി-പട്ടികവർഗക്കാർ, മറ്റു പിന്നാക്കവിഭാഗക്കാർ, ന്യൂനപക്ഷ വനിതകൾ എന്നിവരിൽനിന്നുമുള്ളവരുമായിരിക്കും. ലോക്പാൽ അധ്യക്ഷനെയും അംഗങ്ങളെയും തെരഞ്ഞെടുക്കുന്നത് ഒരു അഞ്ചംഗ ഉന്നതസമിതിയാണ്. പ്രധാനമന്ത്രി, ലോക്സഭാസ്പീക്കർ, ലോക്സഭയിലെ പ്രതിപക്ഷ നേതാവ്, സുപ്രീം കോടതി ജസ്റ്റിസ് (അല്ലെങ്കിൽ ചീഫ് ജസ്റ്റിസ് നോമിനേറ്റ് ചെയ്യുന്ന ഒരു സുപ്രീംകോടതി ജഡ്ജി) എന്നിവരും, ഇവർ നാലുപേരുടെയും ശുപാർശപ്രകാരം രാഷ്ട്രപതി നോമിനേറ്റ് ചെയ്യുന്ന ഒരു പ്രശസ്ത നിയമജ്ഞനും അടങ്ങുന്നതായിരിക്കും പ്രസ്തുത അഞ്ചംഗ സമിതി. ഈ സമിതി ലോക്പാൽ അധ്യക്ഷനെയും അംഗങ്ങളെയും തെരഞ്ഞക്കുന്നതും, രാഷ്ട്രപതി അവരെ തൽസ്ഥാനങ്ങളിൽ നിയമിക്കുന്നതുമായിരിരിക്കും.

സിബിഐ അടക്കമുള്ള ഏതൊരു അന്വേഷണ ഏജൻസിയെക്കൊണ്ടും, ലോക്പാലിന് പരാതികളിന്മേലുള്ള അന്വേഷണങ്ങൾ നടത്തിക്കുകയും, ആ അന്വേഷണങ്ങളുടെയും തുടർന്നുള്ള പ്രോസിക്യൂഷൻ നടപടികളുടെയും മേൽനോട്ടം വഹിക്കുകയും ചെയ്യാവുന്നതാണ്. അന്വേഷണച്ചുമതല വഹിക്കുന്ന സിബിഐ ഡയറക്ടറെ പ്രധാനമന്ത്രി അധ്യക്ഷനായുള്ള ഒരു ഉന്നതാധികാര സമിതിയായിരിക്കും ശുപാർശ ചെയ്യുക. സിബിഐ ഡയറക്ടർക്ക് ആയിരിക്കും പ്രോസിക്യൂഷൻ ഡയറക്ടറുടെ കീഴിലുള്ള പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ നിയന്ത്രണം. സെൻട്രൽ വിജിലൻസ് കമ്മീഷനായിരിക്കും പോസിക്യൂഷൻ ഡയറക്ടറെ ശുപാർശ ചെയ്യുക.

പ്രധാനമന്ത്രിക്കെതിരെ രാജ്യാന്തരബന്ധങ്ങൾ, ബാഹ്യവും ആഭ്യന്തരവുമായ സുരക്ഷ, പൊതുസമാധാനക്രമം, ആണവോർജം, ബഹിരാകാശം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളെക്കുറിച്ച് ലോക്പാൽ അന്വേഷണം നടത്തുന്നതല്ല. ലോക്പാലിന്റെ മുന്നിൽ രണ്ടു ഭൂരിപക്ഷത്തിന്റെ തീരുമാനപ്രകാരം മാത്രമെ പ്രധാനമന്ത്രിക്കെതിരെ പ്രാഥമികാന്വേഷണം ഉണ്ടാവുകയുള്ളൂ. അന്വേഷണനടപടിളാകട്ടെ രഹസ്യവുമായിരിക്കും. ലോക്പാൽ അന്വേഷിക്കുന്ന പരാതികളിൽ അഴിമതിനിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾ തെളിയുന്നതായാൽ, കുറ്റക്കാർക്കെതിരെ പ്രത്യേക കോടതിയിൽ (special court) ലോക്പാൽ കേസ് ഫയൽചെയ്യും. കേന്ദ്ര ഗവൺമെന്റ് ലോക്പാലിന്റെ ശുപാർശപ്രകാരമായിരിക്കും ഇത്തരം പ്രത്യേക കോടതികൾ സ്ഥാപിക്കുക. അഴിമതിമാർഗ ലൂടെ ആർജിച്ചിട്ടുള്ള സ്വത്തുക്കൾ, അതുസംബന്ധിച്ച പ്രോസിക്യൂഷൻ കേസ് നിലവിലിരിക്കെത്തന്നെ, ജപ്തിചെയ്തു കണ്ടുകെട്ടുന്നതിനു ലോക്പാൽ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

**(അവലംബം)**




# സാമൂഹിക വിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം

ഡോ. മുനവ്വർ

**കാരണഘടകങ്ങൾ**

സാമൂഹികവിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം ബാല്യത്തിലോ കൗമാരത്തിലോ ആരംഭിച്ചു പ്രൗഢദശയിൽ തുടരുന്നതാണ്. മനുഷ്യചരിത്രം പരിശോധിച്ചാൽ അതിന്റെ തുടക്കംമുതൽതന്നെ സാമൂഹിക വിരുദ്ധ വ്യക്തിത്വം പുലർത്തിയിരുന്നവർ ലോകത്തിന്റെ എല്ലാഭാഗത്തും ഉണ്ടായിരുന്നതായി കാണാം. ഇപ്പോഴും എല്ലാ സമൂഹത്തിലും ഇത്തരക്കാർ ധാരാളം ഉണ്ടുതാനും. സാമൂഹികവിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ഇതുവരെ ലഭ്യമായിട്ടുള്ള അറിവുകൾ പരസ്പരവിരുദ്ധങ്ങളാണ്. അതിനാൽ ഇത് ഉടലെടുക്കുന്നതിന്റെ ശരിയായ കാരണങ്ങളെക്കുറിച്ച വ്യക്തമായിട്ടുള്ള അറിവ് ഇപ്പോഴും ഇല്ല എന്നു പറയുന്നതാകും ശരി. ഇതിനുള്ള കാരണങ്ങൾ ഓരോ വ്യക്തിയിലും വ്യത്യസ്തങ്ങളാണ്. ഓരോ പ്രത്യേക സാമൂഹിക-സാമ്പത്തിക സംവിധാനത്തിലും സാമൂഹികവിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ ഭിന്നമായിരിക്കും.

മനശ്ശാസ്ത്രജ്ഞർ, കുറ്റാന്വേഷണ വിദഗ്ധർ, സാമൂഹിക ശാസ്ത്രജ്ഞർ, നരവംശശാസ്ത്രജ്ഞർ തുടങ്ങിയവർ ഈ രംഗത്തു നടത്തിയിട്ടുള്ള ആധുനിക ഗവേഷണഫലങ്ങൾ സാമൂഹിക വിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം ഉണ്ടാകുന്നതിനു മൂന്നു പ്രധാനപ്പെട്ട കാരണങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്:

1. കുടുംബവും സാമൂഹിക പശ്ചാത്തലവും.

2. പഠനത്തിലെ ന്യൂനതകൾ.

3. കേന്ദ്ര നാഡീവ്യൂഹത്തിന്റെ അസാധാരണത്വം.

**1. കുടുംബവും സാമൂഹിക പശ്ചാത്തലവും**

ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ കുടുംബത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ സാമൂഹിക വിരുദ്ധ വ്യക്തിത്വം ഉടലെടുക്കുന്നതിനു കാരണമാകാറുണ്ടെന്നു ചില ഗവേഷണപഠനങ്ങൾ സൂചിപ്പിക്കുന്നു. വിവാഹമോചനം, ഉപേക്ഷിക്കൽ, വേർപിരിഞ്ഞു താമസിക്കൽ എന്നീ കാരണങ്ങളാൽ രക്ഷാകർത്താക്കൾ നഷ്ടപ്പെടുന്നതാണ് ഇതിൽ ഏറ്റവും പ്രധാനം. അധികം ഗവേഷകരും അഭിപ്രായപ്പെടുന്നത് രക്ഷാകർത്താക്കളുടെ അഭാവമല്ല, മറിച്ച് കുടുംബത്തിലെ മോശമായ പശ്ചാത്തലവും അവഗണിക്കുന്ന രക്ഷാകർത്താക്കളുമാണ് സാമൂഹികവിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വത്തിനു കാരണം എന്നാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധമാണ് മറ്റൊരു പ്രധാന ഘടകം. രക്ഷാകർത്താക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്ന രണ്ടു തരം വ്യവഹാരരീതി കുട്ടികളിൽ സാമൂഹികവിരുദ്ധ വ്യക്തിത്വം ഉണ്ടാകുന്നതിനു കാരണമാകാറുണ്ട്. കുട്ടികളോടുള്ള രക്ഷാകർത്താക്കളുടെ തണുപ്പൻ സമീപനവും അകൽച്ചയുമാണ് ഇവയിൽ ആദ്യത്തേത്. കുട്ടികളിൽ അച്ചടക്കം വളർത്തിയെടുക്കുന്നതിനായി രക്ഷാകർത്താക്കൾ കാണിക്കുന്ന സ്ഥിരതയില്ലാത്ത പെരുമാറ്റമാണ് രണ്ടാമത്തെ കാരണം.


രക്ഷാകർത്താക്കളുടെ മനോഭാവവും വ്യവഹാരവും കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. കുട്ടികളോട് രക്ഷാകർത്താക്കൾ തണുപ്പൻമട്ടിൽ പെരുമാറുകയും അവരുമായി അടുത്തിടപഴകാതിരിക്കുകയും ചെയ്താൽ അവരുമായി അടുത്ത സ്നേഹബന്ധം പുലർത്താൻ കഴിയാതെവരും. രക്ഷാകർത്താക്കളെ കുട്ടികൾ അനുകരിക്കുമെന്നതും നമുക്കറിയാവുന്ന വസ്തുതയാണ്. അതിനാൽ ഇത്തരം രക്ഷാകർത്താക്കളാൽ വളർത്തപ്പെടുന്ന കുട്ടികൾ വളർന്നു വലുതാകുമ്പോൾ അവരും അവരുടെ കുട്ടികളോട് ഇത്തരം തണുപ്പൻ സമീപനവും അകൽച്ചയും പ്രകടിപ്പിക്കാനുള്ള സാധ്യതയുണ്ട്. രക്ഷാകർത്താക്കളുടെ വ്യവഹാരത്തിൽ കാണുന്ന സ്ഥിരതയില്ലായ്മ അഥവാ പരസ്പരവൈരുധ്യം കുട്ടികളുടെ ആരോഗ്യകരമായ വ്യക്തിത്വവികാസത്തെ പ്രതികൂലമായി ബാധിക്കും. ചില രക്ഷാകർത്താക്കൾ തങ്ങളുടെ കുട്ടികളുടെ ചില പ്രവൃത്തികൾക്ക് ചിലസമയത്ത് അംഗീകാരം നൽകും, മറ്റു ചില സന്ദർഭങ്ങളിൽ അത്തരം പ്രവൃത്തികളെ ചുറ്റപ്പെടുത്തുകയും ചെയ്യും. മറ്റു ചില രക്ഷാകർത്താക്കൾ കുട്ടികൾ രഹസ്യമായി ചെയ്യുന്ന സാമൂഹിക വിരുദ്ധപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാറുണ്ട്. ഇത്തരം രക്ഷാകർത്താക്കൾ കുട്ടികളിൽ സാമൂഹിക വിരുദ്ധ വ്യക്തിത്വ രൂപീകരണത്തെ പരോക്ഷമായി സഹായിക്കുകയാണ് ചെയ്യുന്നത്. രക്ഷാകർത്താക്കൾ മാതൃകാപരമായ പെരുമാറ്റം കാഴ്ചവയ്ക്കാതിരുന്നാൽ കുട്ടികൾക്ക് അനുകരിക്കാൻ നല്ല മാതൃകകൾ ഇല്ലാതെവരും. അങ്ങനെവരുമ്പോൾ അവർക്ക് സ്വന്തം വ്യക്തിത്വം മാതൃകാപരമായ രീതിയിൽ ആവിഷ്കരിക്കാൻ കഴിയാതെവരും.

**രക്ഷാകർത്താക്കളുടെ മനോഭാവവും വ്യവഹാരവും കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. കുട്ടികളോട് രക്ഷാകർത്താക്കൾ തണുപ്പൻമട്ടിൽ പെരുമാറുകയും അവരുമായി അടുത്തിടപഴകാതിരിക്കുകയും ചെയ്താൽ അവരുമായി അടുത്ത സ്നേഹബന്ധം പുലർത്താൻ കഴിയാതെവരും. രക്ഷാകർത്താക്കളെ കുട്ടികൾ അനുകരിക്കുമെന്നതും നമുക്കറിയാവുന്ന വസ്തുതയാണ്. അതിനാൽ ഇത്തരം രക്ഷാകർത്താക്കളാൽ വളർത്തപ്പെടുന്ന കുട്ടികൾ വളർന്നു വലുതാകുമ്പോൾ അവരും അവരുടെ കുട്ടികളോട് ഇത്തരം തണുപ്പൻ സമീപനവും അകൽച്ചയും പ്രകടിപ്പിക്കാനുള്ള സാധ്യതയുണ്ട്. രക്ഷാകർത്താക്കളുടെ വ്യവഹാരത്തിൽ കാണുന്ന സ്ഥിരതയില്ലായ്മ അഥവാ പരസ്പരവൈരുധ്യം കുട്ടികളുടെ ആരോഗ്യകരമായ വ്യക്തിത്വവികാസത്തെ പ്രതികൂലമായി ബാധിക്കും.**



### 2. പഠനത്തിലെ ന്യൂനതകൾ

ബുദ്ധിയുള്ളവരാണെങ്കിലും സാമൂഹികവിരുദ്ധ വ്യക്തിത്വം പുലർത്തുന്നവർ ശിക്ഷകളിൽ നിന്നു പാഠം പഠിക്കണമെന്നില്ല. ഈ വസ്തുത മനോരോഗ ചികിത്സാരംഗത്തു പ്രവർത്തിക്കുന്നവരെ കുഴയ്ക്കുന്ന ഒരു പ്രശ്നമായി ഇപ്പോഴും അവശേഷിക്കുന്നു. സാമൂഹികവിരുദ്ധ വ്യക്തിത്വം പുലർത്തുന്നവർക്ക് വേണ്ടെന്നു വയ്ക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള കഴിവ് മറ്റുള്ളവരെ അപേക്ഷിച്ച് കുറവാണ്. കാര്യങ്ങൾ മുൻകൂട്ടി കണ്ട് ശിക്ഷകിട്ടുന്ന കാര്യങ്ങൾ ചെയ്യുന്നതിൽനിന്നു മാറിനിൽക്കാനുള്ള പ്രവണത പൊതുവായിട്ടുള്ളതാണ്. എന്നാൽ ഇതിൽ സാമൂഹിക വിരുദ്ധ വ്യക്തിത്വത്തിന്റെ ഉടമകൾ പരാജയപ്പെടുക യാണ് പതിവ്. സാധാരണക്കാർക്ക് ഞെട്ടൽ ഉളവാക്കുന്ന കാര്യങ്ങൾ സാമൂഹികവിരുദ്ധരിൽ ഞെട്ടൽ ഉളവാക്കാറില്ല. അതിനാൽ അത്തരം കാര്യങ്ങളിൽനിന്നും അവർ പിന്മാറുകയില്ല. മറ്റുള്ളവരിൽ ഭീതി ജനിപ്പിക്കുന്ന സംഭവങ്ങൾ ഇവരെ എളുപ്പത്തിൽ ബാധിക്കാറില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സാമൂഹികവിരുദ്ധർ അവരിൽ പരമാവധി ഇളക്കം സൃഷ്ടിക്കാൻ കഴിയുന്ന സംഭവങ്ങൾ അന്വേഷിച്ചു നടക്കുകയാണ് പതിവ്. അനന്തരഫലത്തെപ്പറ്റി ചിന്തിക്കാതെ വികാരോജ്ജ്വല സാഹചര്യങ്ങൾ സൃഷ്ടിച്ച് ഒരു നിമിഷനേരത്തേക്കെങ്കിലും സന്തോഷം അനുഭവിക്കാനുള്ള അഭിനിവേശം ഇവരിൽ അടങ്ങിയിട്ടുണ്ട്. സാധാരണഗതിയിലുള്ള ജീവിതക്രമം ഇവരിൽ വിരസതയുളവാക്കും. ഇക്കാരണത്താലാണ് സ്നേഹികവിരുദ്ധ വ്യക്തിത്വം ഉള്ളവർ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരിതരാകുന്നത്. കുറ്റകൃത്യങ്ങളിൽനിന്നും ഇവർ ആഹ്ലാദം അനുഭവിക്കും. ശിക്ഷ കുറെ കഴിഞ്ഞല്ലേ ഉണ്ടാകുകയുള്ളൂ എന്ന് അവർ ആശ്വസിക്കുകയും ചെയ്യും.



**സാമൂഹിക വിരുദ്ധരുടെ വിദ്യുത് മസ്തിഷ്കലേഖ(EEG)ത്തിൽ അസാമാന്യതയുള്ളതായി ഗവേഷകർ ചൂണ്ടിക്കാട്ടുന്നു; കോപിഷ്ഠരും ആക്രമണകാരികളുമായിട്ടുള്ളവരുടെ കാര്യത്തിൽ ഇതു കൂടുതൽ ശരിയെന്നും തെളിഞ്ഞിട്ടുണ്ട്. EEG യിലെ അപസാമാന്യത രണ്ടുതരത്തിൽ കാണപ്പെടുന്നു. ആദ്യത്തേതിൽ മസ്തിഷ്ക തരംഗങ്ങൾ വേഗത കുറഞ്ഞതാണ്. ഇതു കുട്ടികളുടെ മസ്തിഷ്ക തരംഗത്തിനു സമാനമാണ്. മസ്തിഷ്കവികാസത്തിന്റെ അപര്യാപ്തതയെയാണ് ഇതു സൂചിപ്പിക്കുന്നത്. വളർന്നുവരുംതോറും ഇവരുടെ മസ്തിഷ്കാവരണം പൂർണവളർച്ച പ്രാപിച്ചു തുടങ്ങും. ഏതാണ്ട് 30-40 വയസ്സ് പ്രായമാകുമ്പോഴേക്കും ഇവരുടെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിച്ചു തുടങ്ങും.**

### 3. കേന്ദ്രനാഡീവ്യൂഹത്തിന്റെ അസാധാരണത്വം

സാമൂഹികവിരുദ്ധ വ്യക്തിത്വം ഉള്ളവരും സാമാന്യ വ്യക്തിത്വം ഉള്ളവരും തമ്മിൽ ശരീരഘടനയിൽ പല വ്യത്യാസങ്ങളും ഉള്ളതായി ഗവേഷണഫലങ്ങൾ സൂചിപ്പിക്കുന്നു. സാമൂഹിക വിരുദ്ധരുടെ വിദ്യുത് മസ്തിഷ്കലേഖ(EEG)ത്തിൽ അസാമാന്യതയുള്ളതായി ഗവേഷകർ ചൂണ്ടിക്കാട്ടുന്നു; കോപിഷ്ഠരും ആക്രമണകാരികളുമായിട്ടുള്ളവരുടെ കാര്യത്തിൽ ഇതു കൂടുതൽ ശരിയെന്നും തെളിഞ്ഞിട്ടുണ്ട്. EEG യിലെ അപസാമാന്യത രണ്ടുതരത്തിൽ കാണപ്പെടുന്നു. ആദ്യത്തേതിൽ മസ്തിഷ്ക തരംഗങ്ങൾ വേഗത കുറഞ്ഞതാണ്. ഇതു കുട്ടികളുടെ മസ്തിഷ്ക തരംഗത്തിനു സമാനമാണ്. മസ്തിഷ്കവികാസത്തിന്റെ അപര്യാപ്തതയെയാണ് ഇതു സൂചിപ്പിക്കുന്നത്. വളർന്നുവരുംതോറും ഇവരുടെ മസ്തിഷ്കാവരണം പൂർണവളർച്ച പ്രാപിച്ചു തുടങ്ങും. ഏതാണ്ട് 30-40 വയസ്സ് പ്രായമാകുമ്പോഴേക്കും ഇവരുടെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിച്ചു തുടങ്ങും.

വിദ്യുത്മസ്തിഷ്കലേഖത്തിൽ കാണുന്ന ആണിപോലുള്ള ഉയർച്ച (positive spiking)യാണ് സാമൂഹികവിരുദ്ധ വ്യക്തിത്വമുള്ളവരിൽ കാണുന്ന രണ്ടാമത്തെ അപസാമാന്യത. മസ്തിഷ്കതരംഗങ്ങളിൽ പെട്ടെന്നുണ്ടാകുന്ന ഗതിവേഗതയെയാണ് ഇതു സൂചിപ്പിക്കുന്നത്. എന്നാൽ, അൽപസമയം മാത്രമെ ഇതു നീണ്ടുനിൽക്കാറുള്ളൂ. മസ്തിഷ്ക തരംഗങ്ങളിൽ കാണുന്ന ആണിപോലുള്ള ഈ ഉയർച്ച പെട്ടെന്നുണ്ടാകുന്ന ആവേശത്തിന്റെയും ആക്രമണാസക്തിയുടെയും സൂചനയാണ്. ഇത്തരം വ്യക്തികൾക്ക് അവരുടെ പ്രവൃത്തികളിൽ ഉൽക്കണ്ഠയോ കുറ്റബോധമോ ഉണ്ടാകാറില്ല. കേന്ദ്ര നാഡീവ്യൂഹത്തിന്റെ, വിശേഷിച്ചും വികാരത്തെയും അഭിപ്രേരണയെയും നിയന്ത്രിക്കുന്ന ഭാഗത്തിന്റെ തകരാറുകൊണ്ടാണ് മസ്തിഷ്കതരംഗങ്ങളിൽ ഈ അപസാമാന്യത ഉണ്ടാകുന്നത്.

# റബീഉൽ അവ്വലിന് പറയാനുള്ളത്!

അജ്മൽ കോട്ടയം
ജാമിഅ അൽഹിന്ദ്

ഇസ്‌ലാമിക കലണ്ടർ പ്രകാരം മൂന്നാമത്തെ മാസമാണ് റബീഉൽ അവ്വൽ. ധാരാളം ചരിത്ര സത്യങ്ങൾക്ക് ഈ മാസം സാക്ഷ്യംവഹിച്ചതായി പണ്ഡിതന്മാർ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്.

മാനവകുലത്തിന് കാരുണ്യമായി അല്ലാഹു നിയോഗിച്ച, പ്രവാചക ശൃംഖലയിലെ അവസാന കണ്ണിയായ മുഹമ്മദ്(സ്വ) പിറന്നത് ഈ മാസത്തിലാണ്. അതുപോലെ, ശത്രുക്കളുടെ കൊടിയ പീഡനങ്ങൾ സഹിക്കവയ്യാതെ ജന്മനാടിനോട് അല്ലാഹുവിന്റെ പ്രവാചകൻ(സ്വ) വിടപറഞ്ഞതും മദീന പട്ടണത്തിന്റെ മണലാരണ്യത്തിൽ പ്രവാചകന്റെ ഒട്ടകം മുട്ടുകുത്തിയതും ഒരു റബീഉൽ അവ്വലിൽ ആയിരുന്നു. ഖലീഫതുർറസൂൽ എന്ന സ്ഥാനപ്പേരിൽ, ഇസ്‌ലാമിക ചരിത്രത്തിലെ രണ്ടാമനായ അബൂബക്കർ(റ) മുസ്‌ലിംകളുടെ ഖിലാഫത്ത് ഏറ്റെടുക്കുന്നതും പ്രസ്തുത മാസത്തിലാണ്. മുസ്‌ലിംകളുടെ രക്തം ചൊരിഞ്ഞും അഭിമാനക്ഷതം വരുത്തിയും മുന്നോട്ടുപോയിരുന്ന കുരിശുയോദ്ധാക്കളെ നിലയ്ക്ക് നിർത്തി സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി ദമസ്കസ് പിടിച്ചെടുത്തതും ഒരു റബീഉൽ അവ്വൽ മാസത്തിലായിരുന്നു. ഹിജ്റ പത്താം നൂറ്റാണ്ടിൽ ഒട്ടോമൻ സാമ്രാജ്യത്തിന്നു കീഴിൽ വിഖ്യാതമായ സൈപ്രസ് പട്ടണം കീഴൊതുങ്ങിയതും ഒരു റബീഉൽ അവ്വലിൽതന്നെയായിരുന്നു.

ഇത്തരത്തിൽ ഒട്ടേറെ വിജയഗാഥകൾ തീർത്ത മാസമാണ് റബീഉൽ അവ്വൽ. അതുപോലെ, വിശ്വാസികളെ ഒന്നടങ്കം കണ്ണീരിലാഴ്ത്തിയ സംഭവങ്ങൾക്കും റബീഉൽ അവ്വൽ സാക്ഷിയാണ്. വിങ്ങുന്ന മനസ്സോടെയും ഈറനണിഞ്ഞ കണ്ണുകളോടെയുമല്ലാതെ ഓർക്കാൻ സാധ്യമല്ലാത്ത ചരിത്രസത്യങ്ങൾ.

ഒരുകാലത്ത് ഇസ്‌ലാമിക സംസ്കാരത്തിൻെറ വിളനിലമായിരുന്ന സ്പെയിൻ മുസ്‌ലിംകളുടെ കൈയിൽ നിന്ന് നഷ്ടപ്പെടുകയും അവർ തുരത്തി ഓടിക്കപ്പെടുകയും ചെയ്തത് ഒരു റബീഉൽ അവ്വൽ മാസത്തിലായിരുന്നു. വിശ്വാസികൾക്ക് നെഞ്ചകം തകരുന്ന വേദനയോടെയല്ലാതെ സ്മരിക്കാൻ സാധിക്കാത്ത, ലോക മുസ്‌ലിംകൾക്ക് വന്നുഭവിച്ചതും വരാനിരിക്കുന്നതുമായ വിപത്തുകളിൽ ഏറ്റവും വലിയ വിപത്ത് (മുസ്വീബത്ത്) എന്ന് നബി(സ്വ) വിശേഷിപ്പിച്ച, അവിടുത്തെ വിയോഗം നടന്നത് ഒരു റബീഉൽ അവ്വൽ 12 നായിരുന്നു. അഥവാ, ഹിജ്റ 11, റബീഉൽ അവ്വൽ 12, തിങ്കളാഴ്ച ഉച്ചയോടടുത്ത സമയം.

ഇമാം ദാരിമി തന്റെ സുനനിലും ഇമാം ത്വബ്റാനി മുഅ്ജമുൽ കബീറിലും ഉദ്ധരിച്ച അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്ന ഒരു ഹദീസ് കാണുക: “നിങ്ങളിലാർക്കെങ്കിലും വല്ല മുസ്വീബത്തും ബാധിച്ചാൽ അവൻ എന്റെ (വിയോഗമാകുന്ന) മുസ്വീബത്തുമായി (താരതമ്യപ്പെടുത്തി) കൊള്ളട്ടെ. നിശ്ചയമായും അതാണ് മുസ്വീബത്തുകളിൽ വെച്ച് ഏറ്റവും കഠിനമായത്.”

വിശ്വാസികളുടെ പ്രിയപ്പെട്ട തിരുദൂതർ(സ്വ) ഇഹലോകവാസം വെടിഞ്ഞ ദിവസമാണ് റബീഉൽ അവ്വൽ 12. പ്രവാചകൻ (സ്വ) വഫാത്തായ ദിവസത്തെ പോലെ മൂകമായ, ഇരുട്ടുനിറഞ്ഞ മറ്റൊരു ദിവസവും തങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല എന്ന് അവിടുത്തെ അനുചരന്മാർ പറഞ്ഞതായി കാണാം. അന്ന് മദീന കരഞ്ഞു... തേങ്ങിക്കരച്ചിലുകൾ മദീന പട്ടണത്തിലെങ്ങളും നിറഞ്ഞു. മദീന നിവാസികൾ വിറങ്ങലിച്ച ദിവസമായിരുന്നു അന്ന്.

എന്നാൽ ഇന്നോ? നമ്മിൽ ചിലർ ആ ദിവസം ആഹ്ലാദത്തിമിർപ്പിലാണ്. സ്വശരീരങ്ങളെക്കാൾ നബിയെ സ്നേഹിച്ച ഖുലഫാഉർറാശിദുകൾ കൊണ്ടാടിയിട്ടില്ലാത്ത, ഒരു ലക്ഷത്തിൽപരം സ്വഹാബിമാർ ജീവിതത്തിൽ ഒരിക്കൽ പോലും നടത്താത്ത, നാല് മദ്ഹബിന്റെ ഇമാമുകളിൽ ഒരാൾക്ക് പോലും അറിയാത്ത നബിദിനാഘോഷത്തിന് പിന്നാലെയാണ് പലരും.

“തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!” (ക്വുർആൻ 4:115).

അബ്ദുർറഹ്മാനബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 44

# അദ്ദുഖാൻ

## (പുക)

(മക്കയിൽ അവതരിച്ചത്)

وَأَن لَّا تَعۡلُواْ عَلَى ٱللَّهِۖ إِنِّيٓ ءَاتِيكُم بِسُلۡطَٰنٖ مُّبِينٖ ١٩

وَإِنِّي عُذۡتُ بِرَبِّي وَرَبِّكُمۡ أَن تَرۡجُمُونِ ٢٠

وَإِن لَّمۡ تُؤۡمِنُواْ لِي فَٱعۡتَزِلُونِ ٢١

فَدَعَا رَبَّهُۥٓ أَنَّ هَٰٓؤُلَآءِ قَوۡمٞ مُّجۡرِمُونَ ٢٢

فَأَسۡرِ بِعِبَادِي لَيۡلًا إِنَّكُم مُّتَّبَعُونَ ٢٣

وَٱتۡرُكِ ٱلۡبَحۡرَ رَهۡوًاۖ إِنَّهُمۡ جُندٞ مُّغۡرَقُونَ ٢٤

كَمۡ تَرَكُواْ مِن جَنَّٰتٖ وَعُيُونٖ ٢٥

وَزُرُوعٖ وَمَقَامٖ كَرِيمٖ ٢٦

وَنَعۡمَةٖ كَانُواْ فِيهَا فَٰكِهِينَ ٢٧

كَذَٰلِكَۖ وَأَوۡرَثۡنَٰهَا قَوۡمًا ءَاخَرِينَ ٢٨

19. അല്ലാഹുവിനെതിരിൽ നിങ്ങൾ പൊങ്ങച്ചം കാണിക്കുകയും ചെയ്യരുത്. തീർച്ചയായും ഞാൻ സ്പഷ്ടമായ തെളിവുംകൊണ്ട് നിങ്ങളുടെ അടുത്ത് വരാം.

20. നിങ്ങളെന്നെ കല്ലെറിയാതിരിക്കാൻ എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും ആയിട്ടുള്ളവനോട് തീർച്ചയായും ഞാൻ ശരണം തേടിയിരിക്കുന്നു.

21. നിങ്ങൾക്കെന്നെ വിശ്വാസമായില്ലെങ്കിൽ എന്നിൽനിന്ന് നിങ്ങൾ വിട്ടുമാറുക.

22. ഇക്കൂട്ടർ കുറ്റവാളികളായ ഒരു ജനവിഭാഗമാണെന്നതിനാൽ അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ച് (സഹായത്തിനായി) പ്രാർഥിച്ചു.

23. (അപ്പോൾ അല്ലാഹു നിർദേശിച്ചു:) എന്റെ ദാസന്മാരെയും കൊണ്ട് നീ രാത്രിയിൽ പ്രയാണം ചെയ്തുകൊള്ളുക. തീർച്ചയായും നിങ്ങൾ (ശത്രുക്കളാൽ) പിന്തുടരപ്പെടുന്നതാണ്.

24. സമുദ്രത്തെ ശാന്തമായ നിലയിൽ നീ വിട്ടേക്കുകയും ചെയ്യുക. തീർച്ചയായും അവർ മുക്കി നശിപ്പിക്കപ്പെടാൻ പോകുന്ന ഒരു സൈന്യമാകുന്നു.

25. എത്രയെത്ര തോട്ടങ്ങളും അരുവികളുമാണ് അവർ വിട്ടേച്ചുപോയത്!

26. (എത്രയെത്ര) കൃഷികളും മാന്യമായ പാർപ്പിടങ്ങളും!

27. അവർ ആഹ്ലാദപൂർവം അനുഭവിച്ചിരുന്ന (എത്രയെത്ര) സൗഭാഗ്യങ്ങൾ!

28. അങ്ങനെയാണത് (കലാശിച്ചത്). അതെല്ലാം മറ്റൊരു ജനതയ്ക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

29. അപ്പോൾ അവരുടെ പേരിൽ ആകാശവും ഭൂമിയും കരഞ്ഞില്ല. അവർക്ക് ഇടകൊടുക്കപ്പെടുകയുമുണ്ടായില്ല.

30. ഇസ്റാഈൽ സന്തതികളെ അപമാനകരമായ ശിക്ഷയിൽനിന്ന് നാം രക്ഷിക്കുകതന്നെ ചെയ്തു.

31. ഫിർഔനിൽ നിന്ന്. തീർച്ചയായും അവൻ അഹങ്കാരിയായിരുന്നു. അതിക്രമകാരികളിൽ പെട്ടവനുമായിരുന്നു.

32. അറിഞ്ഞുകൊണ്ടുതന്നെ തീർച്ചയായും അവരെ നാം ലോകരെക്കാൾ ഉൽകൃഷ്ടരായി തെരഞ്ഞെടുക്കുകയുണ്ടായി.

33. വ്യക്തമായ പരീക്ഷണം ഉൾകൊള്ളുന്ന ചില ദൃഷ്ടാന്തങ്ങൾ നാം അവർക്ക് നൽകുകയുമുണ്ടായി.

34. എന്നാൽ ഇക്കൂട്ടരിതാ പറയുന്നു;

35. നമ്മുടെ ഒന്നാമത്തെ മരണമല്ലാതെ മറ്റൊന്നുമില്ല. നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരുമല്ല.

36. അതിനാൽ നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഞങ്ങളുടെ പിതാക്കളെ നിങ്ങൾ (ജീവിപ്പിച്ചു) കൊണ്ടുവരിക എന്ന്.

37. ഇവരാണോ കൂടുതൽ മെച്ചപ്പെട്ടവർ, അതല്ല തുബ്ബഇന്റെ ജനതയും അവർക്കു മുമ്പുള്ളവരുമാണോ? അവരെയെല്ലാം നാം നശിപ്പിക്കുകയുണ്ടായി. കാരണം അവർ കുറ്റവാളികളായിരുന്നത് തന്നെ.

38. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല.

39. ശരിയായ ഉദ്ദേശത്തോടുകൂടി തന്നെയാണ് നാം അവയെ സൃഷ്ടിച്ചത്. പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല.

فَمَا بَكَتْ عَلَيْهِمُ ٱلسَّمَآءُ وَٱلْأَرْضُ وَمَا كَانُوا۟
مُنظَرِينَ ﴿٢٩﴾
وَلَقَدْ نَجَّيْنَا بَنِىٓ إِسْرَٰٓءِيلَ مِنَ ٱلْعَذَابِ ٱلْمُهِينِ ﴿٣٠﴾
مِن فِرْعَوْنَ ۚ إِنَّهُۥ كَانَ عَالِيًا مِّنَ ٱلْمُسْرِفِينَ ﴿٣١﴾
وَلَقَدِ ٱخْتَرْنَٰهُمْ عَلَىٰ عِلْمٍ عَلَى ٱلْعَٰلَمِينَ ﴿٣٢﴾
وَءَاتَيْنَٰهُم مِّنَ ٱلْءَايَٰتِ مَا فِيهِ بَلَٰٓؤٌا۟ مُّبِينٌ ﴿٣٣﴾
إِنَّ هَٰٓؤُلَآءِ لَيَقُولُونَ ﴿٣٤﴾
إِنْ هِىَ إِلَّا مَوْتَتُنَا ٱلْأُولَىٰ وَمَا نَحْنُ بِمُنشَرِينَ
﴿٣٥﴾
فَأْتُوا۟ بِـَٔابَآئِنَآ إِن كُنتُمْ صَٰدِقِينَ ﴿٣٦﴾
أَهُمْ خَيْرٌ أَمْ قَوْمُ تُبَّعٍ وَٱلَّذِينَ مِن قَبْلِهِمْ ۚ
أَهْلَكْنَٰهُمْ ۖ إِنَّهُمْ كَانُوا۟ مُجْرِمِينَ ﴿٣٧﴾
وَمَا خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا
لَٰعِبِينَ ﴿٣٨﴾
مَا خَلَقْنَٰهُمَآ إِلَّا بِٱلْحَقِّ وَلَٰكِنَّ أَكْثَرَهُمْ
لَا يَعْلَمُونَ ﴿٣٩﴾

ളാണ് നിങ്ങൾക്കുള്ളത്; എന്നിൽ വിശ്വസിക്കുക. അതാണ് ഞാൻ നിങ്ങളിൽനിന്ന് ഉദ്ദേശിക്കുന്നത്. ഈ നിലപാട് നിങ്ങളിൽനിന്നുണ്ടാകുന്നില്ലെങ്കിൽ (എന്നിൽനിന്ന് നിങ്ങൾ വിട്ട് പിൻമാറുക). എനിക്ക് അനുകൂലമായോ പ്രതികൂലമായോ ഒന്നും ചെയ്യാതെ എന്നെ വിട്ടുകളയുക, എന്നെ ദ്രോഹിക്കാതിരിക്കുക. ഈ രണ്ടുവഴികളും നിങ്ങൾ സ്വീകരിച്ചില്ലെങ്കിൽ ധിക്കാരികളായും അല്ലാഹുവോടും അവന്റെ പ്രവാചകനായ മൂസാനബി(അ)യോടും യുദ്ധംചെയ്യുന്നവരായും തന്റെ ജനതയായ ഇസ്റാഈൽ സന്തതികളെ വിട്ടുകൊടുക്കാത്തവരായും നിങ്ങൾ തുടർന്നുകൊണ്ടിരിക്കും.

22) (ഇക്കൂട്ടർ കുറ്റവാളികളായ ഒരു ജനവിഭാഗമാണെന്നതിനാൽ അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ച് പ്രാർഥിച്ചു) ശിക്ഷ വേഗത്തിൽ ലഭിക്കാവുന്ന കുറ്റമാണവർ ചെയ്തത്. അപ്പോൾ അവരുടെ അവസ്ഥ മൂസാ നബി(അ) അറിയിക്കുന്നു.

ഇത് അവർക്കെതിരെയുള്ള പരോക്ഷമായ ഒരു പ്രാർഥനയായിരുന്നു. അവർക്കെതിരെ വ്യക്തമായി പ്രാർഥിക്കുന്നതിനെക്കാൾ വാചാലമാണ് അവരെ ദുഷ്ടരെന്ന് വിശേഷിപ്പിച്ചത്. അന്ന് അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്:

رَبِّ إِنِّي لِمَآ أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ

"എന്റെ രക്ഷിതാവേ, നീ എനിക്കിറക്കിത്തരുന്ന ഏതൊരു നന്മക്കും ഞാൻ ആവശ്യക്കാരനാകുന്നു" (28:24).

23). തന്റെ ദാസന്മാരെയും കൊണ്ട് രാത്രിയി ൽ പോകാൻ അല്ലാഹു മൂസാ നബി(അ)യോട് നിർദേശിക്കുന്നു. ഫിർഔനും അവന്റെ ജനതയും പിന്നാലെ വരുമെന്ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്യുന്നു.

24) (സമുദ്രത്തെ ശാന്തമായ നിലയിൽ നീ വിട്ടേക്കുകയും ചെയ്യുക) അതായത്, അതിനെ അതേപടി വിട്ടേക്കുക. അല്ലാഹു കൽപിച്ചപ്രകാരം ഇസ്റാഈൽ സന്തതികളെയും കൂട്ടി മൂസാ നബി(അ) രാപ്രയാണം ചെയ്യുകയും തുടർന്ന് ഫിർഔൻ പിറകെ കൂടുകയും ചെയ്ത സന്ദർഭമാണ് ഇവിടെ ഉദ്ധരിക്കുന്നത്. കടലിലടിക്കാൻ അല്ലാഹു മൂസാ(അ)യോട് നിർദേശിച്ചു. അങ്ങനെ അദ്ദേഹം അടിച്ചു. അങ്ങനെ പന്ത്രണ്ട് വഴികളുണ്ടായി. ആ വഴികൾക്കിടയിൽ വെള്ളം വലിയ പർവതങ്ങൾ കണക്കെ ആയിത്തീർന്നു. അങ്ങനെ മൂസാ(അ)യും തന്റെ ജനയും അതിൽ പ്രവേശിച്ചു. അതിൽനിന്ന് പുറത്തുകടന്നപ്പോൾ അല്ലാഹു അതിനെ വിട്ടുകളയാൻ നിർദേശിച്ചു. (ശാന്തമായ നിലയിൽ). ഫിർഔനും സൈന്യവും അതിൽ പ്രവേശിക്കുവാൻ വേണ്ടി. (തീർച്ചയായും അവർ മുക്കിനശിപ്പിക്കപ്പെടാൻ പോകുന്ന ഒരു സൈന്യമാകുന്നു). മൂസാ(അ)യുടെ ജനത പൂർണമായും അതിൽനിന്ന് പുറത്തുകടക്കുകയും ഫിർഔനിന്റെ ജനത പൂർണമായി അതിൽ പ്രവേശിക്കുകയും ചെയ്തു. അല്ലാഹു കടലിനോട് അവരെ മൂടാൻ കൽപിച്ചു. അങ്ങനെ അവരിൽ അവസാനത്തെ ആളും മുങ്ങി. ഇഹലോകത്ത് അവർ ആസ്വദിക്കുന്നതെല്ലാം അവർ വിട്ടുകളഞ്ഞു. അവർ അടിമകളാക്കിവെച്ച ഇസ്റാഈൽ സന്തതികൾക്ക് അതെല്ലാം അല്ലാഹു അനന്തരമായി നൽകി.

25-28). അതാണ് അല്ലാഹു പറഞ്ഞത്: (എത്രയെത്ര തോട്ടങ്ങളും അരുവികളുമാണ് അവർ വിട്ടേച്ചുപോയത്. കൃഷികളും മാന്യമായ പാർപ്പിടങ്ങളും അവർ ആഹ്ലാദപൂർവം അനുഭവിച്ചിരുന്ന (എത്രയെത്ര) സൗഭാഗ്യങ്ങൾ! അങ്ങനെയാണത്-കലാശിച്ചത്-അതെല്ലാം നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു). അതായത് ഈ പറഞ്ഞ അനുഗ്രഹങ്ങളെല്ലാം (മറ്റൊരു ജനതയ്ക്ക്).

മറ്റൊരു വചനത്തിലുള്ളത് ഇങ്ങനെയാണ്:

كَذَٰلِكَ وَأَوْرَثْنَٰهَا بَنِيٓ إِسْرَٰٓءِيلَ

"അപ്രകാരമത്രെ (നമ്മുടെ നടപടി). അതൊക്കെ ഇസ്റാഈൽ സന്തതികൾക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു" (26: 59).

29) (അപ്പോൾ അവരുടെ പേരിൽ ആകാശവും ഭൂമിയും കരഞ്ഞില്ല) അല്ലാഹു അവരെ നശിപ്പിച്ചപ്പോൾ ആകാശവും ഭൂമിയും അവർക്കുവേണ്ടി കരഞ്ഞില്ല. അവർക്കുവേണ്ടി ദുഃഖിക്കുകയോ അവരുടെ വേർപാടിൽ നിരാശപ്പെടുകയോ ചെയ്തില്ല. മറിച്ച് ആകാശവും ഭൂമിയും അവരുടെ നാശത്തിൽ സന്തോഷിച്ചു. അവർ വിട്ടേച്ചുപോയ അവശിഷ്ടങ്ങൾ അവരുടെ മുഖങ്ങൾ കറുപ്പിക്കുന്നതും ശാപം നേടിക്കൊടുക്കുന്നതും ലോകരുടെ മുഴുവൻ ശാപം അനിവാര്യമാക്കുന്നതും മാത്രമായിരുന്നു. (അവർക്ക് ഇടകൊടുക്കപ്പെടുകയുമുണ്ടായില്ല) ശിക്ഷക്ക് സാവകാശം ഉണ്ടായില്ല. മറിച്ച് ആ അവസ്ഥയിൽ അവരെ നാമാവശേഷമാക്കി.

30,31). പിന്നീട് അല്ലാഹു ഇസ്റാഈൽ സന്തതികൾക്ക് അനുഗ്രഹം നൽകിയത് ഓർമപ്പെടുത്തുന്നു: (ഇസ്റാഈൽ സന്തതികളെ അപമാനകരമായ ശിക്ഷയിൽനിന്ന് നാം രക്ഷപ്പെടുത്തുകയും ചെയ്തു) അവർ അകപ്പെട്ടിരുന്ന. (ഫിർഔനിൽ നിന്നും) അവരുടെ ആൺമക്കളെ അറുക്കുകുയും സ്ത്രീകളെ ജീവിക്കാനുവദിക്കുകയം ചെയ്ത. (തീർച്ചയായും അവൻ അഹങ്കാരിയായിരുന്നു) അന്യായമായി ഭൂമിയിൽ അഹങ്കരിക്കുന്നവൻ. (അതിക്രമകാരികളിൽ പെട്ടവനുമായിരുന്നു) അല്ലാഹുവിന്റെ അതിരുകൾ മറികടക്കുന്നവൻ; അവനോട് ഏറ്റുമുട്ടാൻ ധൈര്യം കാണിക്കുന്നവൻ.

32). (അവരെ നാം തെരഞ്ഞെടുക്കുകയു ണ്ടായി) അവരെ നാം തെരഞ്ഞെടുത്തു. (അറിഞ്ഞുകൊണ്ടു തന്നെ) ആ മഹത്ത്വത്തിനുള്ള അവരുടെ അർഹത



കൊണ്ടും അവരോടുള്ള കാരുണ്യംകൊണ്ടും. (ലോകരെക്കാൾ) അവരുടെ കാലത്തുള്ളവരും മുമ്പും ശേഷവുമുള്ള എല്ലാവരെക്കാളും. മുഹമ്മദ് നബി (സ്വ)യുടെ സമുദായത്തെ കൊണ്ടുവരുന്നതുവരെ. അവരെ സർവരെക്കാളും ശ്രേഷ്ഠരാക്കി. ജനങ്ങൾക്കുവേണ്ടി രംഗത്തുകൊണ്ടുവരപ്പെട്ട ഉത്തമസമുദായമാക്കി. അവരുടെ മുമ്പുള്ളവർക്കാർക്കും നൽകാത്ത അനുഗ്രഹം അവർക്ക് നൽകുകയും ചെയ്തു.

33). (നാം അവർക്ക് നൽകുകയുണ്ടായി) ഇസ്റാഈൽ സന്തതികൾക്ക്. (ചില ദൃഷ്ടാന്തങ്ങൾ) വ്യക്തമായതും പ്രത്യക്ഷമായതും; അമാനുഷികമായ ദൃഷ്ടാന്തങ്ങളും. (വ്യക്തമായ പരീക്ഷണം ഉൾക്കൊള്ളുന്ന) അവർക്ക് അനുഗ്രഹമായ, പ്രത്യക്ഷമായ ഒട്ടനവധി അനുഗ്രങ്ങൾ, മൂസാ നബി(അ) കൊണ്ടുവന്നത് സത്യമാണെന്നതിനുള്ള പ്രമാണവും.

34,35). അല്ലാഹു അറിയിക്കുന്നു: (ഇക്കൂട്ടർ) നിഷേധികൾ. (പറയുന്നു) ഉയിർത്തെഴുന്നേൽപും ഒരുമിച്ചുകൂട്ടലുമെല്ലാം അസംഭവ്യമായി കണ്ടുകൊണ്ട്. (നമ്മുടെ ഒന്നാമത്തെ മരണമല്ലാതെ മറ്റൊന്നുമില്ല; നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവരുമല്ല). അതായത് ഇഹലോക ജീവിതമല്ലാതെ ഒന്നുമില്ല. ഉയിർത്തെഴുന്നേൽപോ തിരിച്ചുവരവോ സ്വർഗമോ നരകമോ ഇല്ല.

36). തങ്ങളുടെ രക്ഷിതാവിന്റെ കാര്യത്തിൽ ധൈര്യപ്പെട്ടുകൊണ്ടും അവനെ അശക്തനായി കണ്ടുകൊണ്ടും അവർ പറഞ്ഞു: (നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഞങ്ങളുടെ പിതാക്കളെ നിങ്ങൾ ജീവിപ്പിച്ചുകൊണ്ടുവരിക എന്ന്) അങ്ങേയറ്റം ധിക്കാരികളും വിഡ്ഢികളുമായ ഒരു വിഭാഗത്തിന്റെ ആവശ്യമായിരുന്നു അത്. പൂർവപിതാക്കളെ തിരിച്ചുകൊണ്ടുവരലും പ്രവാചകന്റെ സത്യതയും തമ്മിൽ എന്ത് ബന്ധമാണുള്ളത്? പ്രവാചകൻ അവർക്ക് കൊണ്ടുവന്നതിനെ സ്ഥാപിക്കാൻ വ്യക്തമായ തെളിവുകളുണ്ട്. അസത്യത്തിന് സാധ്യതയില്ലാത്തവിധം എല്ലാ രൂപത്തിലും അത് വന്നിട്ടുമുണ്ട്.


37). അല്ലാഹു പറയുന്നു: (ഇവരാണോ കൂടുതൽ മെച്ചപ്പെട്ടവർ?) ഈ അഭിസംബോധിതരായ ക്വുറൈശികൾ ആണോ? (അതല്ല തുബ്ബഇന്റെ ജനതയും അവർക്ക് മുമ്പുള്ളവരുമാണോ? അവരെയെല്ലാം നാം നശിപ്പിക്കുകയുണ്ടായി; അവർ കുറ്റവാളികൾ ആയിരുന്നതുകൊണ്ട്) അവർ ഇവരെക്കാൾ ഉത്തമരല്ല. കുറ്റത്തിൽ അവർ പങ്കുചേർന്നു. അങ്ങനെ കുറ്റവാളികളായ അവരുടെ സഹോദരങ്ങൾക്ക് സംഭവിച്ചതെല്ലാം അവർക്കും സംഭവിച്ചു.

38,39). അല്ലാഹു തന്റെ സമ്പൂർണ യുക്തിയും കഴിവുമാണ് ഇവിടെ പരാമർശിക്കുന്നത്. ആകാശഭൂമികളെ അവൻ കളിയായിക്കൊണ്ടോ വിനോദമായിക്കൊണ്ടോ സൃഷ്ടിച്ചതല്ല. ഒരു ലക്ഷ്യവുമില്ലാതെ വെറുതെ സൃഷ്ടിച്ചതുമല്ല. അവയെ സൃഷ്ടിച്ചത് (ശരിയായ ഉദ്ദേശ്യത്തോടെതന്നെ). അവയുടെ സൃഷ്ടിപ്പ് ഒരു യാഥാർഥ്യത്തെ അടിസ്ഥാനമാക്കിയും അവയിലൊരു യാഥാർഥ്യം ഉൾക്കൊണ്ടുമാണ്. അവയെ അവൻ സൃഷ്ടിച്ചത് അവനെ മാത്രം അവർ ആരാധിക്കുവാനും അവനിൽ മറ്റൊന്നിനെയും പങ്കുചേർക്കാതിരിക്കാനുമാണ്. അവൻ തന്റെ ദാസന്മാരോട് കൽപിക്കുകയും വിരോധിക്കുകയും പ്രതിഫലം നൽകുകയും ശിക്ഷിക്കുകയും ചെയ്യുന്നു. (പക്ഷേ, അവരിൽ അധികപേരും അറിയുന്നില്ല) ആകയാൽ ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് അവർ ചിന്തിച്ചിട്ടില്ല. ■

# എന്റെ റസൂൽ

ഹുസ്ന മലോറം

‘കട്ടതെൻ പൊന്നുമോൾ
ഫാത്തിമയാണേലും
വെട്ടിടുമാ കൈകൾ എന്ന് റസൂൽ!
പട്ടിണിയുള്ള അയൽവാസിയെ
ഊട്ടണമെന്നുമെൻ മുത്ത് റസൂൽ.
അനാഥരായുള്ളതാം മക്കൾക്കു നീ
തണലായി മാറണമെന്നും റസൂൽ.
അഗതികൾക്കാശ്രയമേകിടേണം,
ദാനമതേകണമെന്നും റസൂൽ.
വിധവകൾക്കേകണം സാന്ത്വനം നീ,
രക്ഷകരാകണമെന്നും റസൂൽ.
വേഷവും ഭാഷയും തൊലിനിറവും-
കൊണ്ടാർക്കുമില്ല മഹത്ത്വമേറെ,
നാഥനെ സൂക്ഷിച്ചു ജീവിക്കുവോർ
ആരാകിലും അവർ ശ്രേഷ്ഠരാണ്.
ഇവ്വിധമെല്ലാ വിവേചനത്തിൻ
വേരുകൾ പിഴുതെറിഞ്ഞെന്റെ റസൂൽ.
ഒട്ടേറെയുണ്ടാ ജീവിതത്തിൽ
മൊട്ടിട്ട നന്മതൻ വിസ്മയങ്ങൾ!
എന്നിട്ടുമെന്തിനാണാ നബിയെ
പിൻപറ്റുവാൻ മടി കാട്ടിടുന്നു?
അനുദിനം മാറ്റേറുമാ ജീവിതം
എന്തെന്നറിയാൻ ശ്രമിക്കവേണം.
ലോകത്തിനുത്തമ മാതൃകയാം
ഉൽകൃഷ്ടനാണല്ലോ എന്റെ റസൂൽ!






GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 OCTOBER 08

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി...

60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

